
പഴശ്ശിരാജ എൻ.എസ്.എസ്. കോളേജ്, മട്ടന്നൂർ

കോളേജ് മാഗസിൻ 2025-26



ആകാശത്തോളം
സ്വപ്നം കാണൂ..
ലസാരോ
അക്കാദമിക്ക് ഒപ്പം



# BBA

**DIPLOMA / PG DIPLOMA**

- AVIATION
- LOGISTICS
- HOSPITAL ADMINISTRATION
- Ai CORPORATE ADMINISTRATION
- IATA TRAVEL & TOURISM





## LAZZARO® ACADEMY

ISO 9001 : 2015 CERTIFIED

i mall, Mattannur

**FOR ADMISSION CONTACT**

HELPLINE:
7034252425 9895608421
www.lazzaroacademy.com
www.lazzaroaviationacademy.com



# ശ്രീ. മന്നത്ത് പത്മനാഭൻ

സ്ഥാപകൻ

നായർ സർവ്വീസ് സൊസൈറ്റി






# ഡോ. ആർ. കെ. ബിജു

പ്രിൻസിപ്പൽ ഇൻ ചാർജ്

# message



I am delighted to know that PRNSS College, Mattanur is publishing its College Magazine for the academic year 2025-26.

A college magazine is not merely a publication; it is a creative platform where students express their thoughts, dreams, talents, and social commitment. Such initiatives encourage young minds to think critically, write creatively, and participate actively in the cultural and intellectual life of society.

I fondly remember my visit to the college on 26 September 2025 for the inauguration of the College Union. The enthusiasm, energy, and aspirations of the students left a lasting impression on me. I am happy to see the institution continuing its vibrant academic and extracurricular activities with dedication and excellence.

I extend my heartfelt congratulations to the Editorial Board, students, teachers, and all those behind the publication of this magazine. May this endeavour inspire creativity, knowledge, and social responsibility among the student community.

Wishing the College Magazine 2025-26 and the entire PRNSS College family all success.

With best wishes,

V.D.SATHEESAN
CHIEF MINISTER
KERALAM

# message



I am delighted to know that PRNSS College, Mattanur is bringing out its College Magazine for the academic year 2025-26.

A college magazine serves as a valuable platform that nurtures creativity, encourages critical thinking, and provides students with an opportunity to express their ideas, talents, and social awareness. Such initiatives play a vital role in fostering a vibrant academic and cultural atmosphere within educational institutions.

I extend my heartful congratulations to the Editorial Board, students, teachers, and all those who have worked diligently for the successful publication of this magazine. I hope this endeavour will continue to inspire young minds towards knowledge, creativity, and a strong sense of social commitment.

May PRNSS College continue to scale greater heights in academics, arts, and public services.

Wishing the College Magazine 2025-26 and the entire college community every success.

With best wishes

**Sunny Joseph**
Minister for Electricity, ANERT,
Environment, Parliamentary Affairs



പഴശ്ശി രാജാ എൻ.എസ്.എസ്. കോളേജിന്റെ 2025-26 അധ്യയന വർഷത്തെ കോളേജ് മാഗസിൻ പ്രസിദ്ധീകരിക്കുന്നതായി അറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. വിദ്യാർത്ഥികളുടെ സർഗാത്മകതയും ചിന്താശേഷിയും സാഹിത്യസാംസ്കാരിക മികവും സമൂഹത്തോടുള്ള പ്രതിബദ്ധതയും പ്രതിഫലിപ്പിക്കുന്ന മികച്ച വേദിയാണ് ഒരു കോളേജ് മാഗസിൻ. വിദ്യാർത്ഥികളുടെ ഭാവനയും അനുഭവങ്ങളും ആശയങ്ങളും സമൂഹത്തോടുള്ള കാഴ്ചപ്പാടുകളും ഈ മാഗസിനിലൂടെ കൂടുതൽ വിശാലമായ വായനാസമൂഹത്തിലേക്ക് എത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അറിവിനൊപ്പം മാനവിക മൂല്യങ്ങളും ജനാധിപത്യബോധവും വളർത്തിയെടുക്കാൻ ഇത്തരം സംരംഭങ്ങൾ വലിയ പങ്കുവഹിക്കുന്നു.

ഈ മാഗസിന്റെ വിജയത്തിനായി പ്രവർത്തിച്ച കോളേജ് യൂണിയൻ ഭാരവാഹികൾക്കും മാഗസിൻ എഡിറ്റർക്കും, അധ്യാപകർക്കും വിദ്യാർത്ഥികൾക്കും, എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുന്നു. കോളേജ് മാഗസിന് എല്ലാ വിജയാശംസകളും നേരുന്നു. എല്ലാ വിദ്യാർത്ഥികൾക്കും ഉജ്ജ്വലമായ ഭാവി ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

**K. Sudhakaran**
Member of Parliament
(Lok Sabha), Kannur

# EDITORIAL BOARD



DR. R.K. BIJU
CHIEF EDITOR



DR. SUMITH P.V.
STAFF EDITOR



RIFA FATHIMA C.
STUDENT EDITOR



DR. USHA K. K.



DR. PRAVEED NINKILERI



REMYA P.



ASHNA MANOHARAN



AISWARYA BABU K. V.



ABHIRAM

# UNION BEARERS



DR. SREEJITH P.
Union Advisor


DR. LEENA P.T.
Fine Arts Advisor


DR. SUMITH P.V.
Staff Editor


NIDHI DHINESH
CHAIRMAN


FATHIMATHU SHIFA P
VICE CHAIRMAN


ADITHYA N. N.
GENERAL SECRETARY


SHAHANA M.K.
JOINT SECRETARY


ANANYA M.
UUC


SREYA K.
UUC


NIGAR TABASSUM K. K.
FINE ARTS SECRETARY


RIFA FATHIMA C.
STUDENT EDITOR


MUHAMMED RASAL
GENERAL CAPTAIN

# ഞാനെന്ന സ്റ്റുഡന്റ് എഡിറ്റർ



നമുക്കെന്തിനാണ് രണ്ടു കണ്ണുകൾ ലഭിച്ചതെന്നാലോചിക്കുമ്പോൾ ഒരു പക്ഷെ പറയാം; ഗുണവുംദോഷവും കാണാനായിരിക്കുമെന്ന്. പക്ഷെ നാമിന്ന് രണ്ടു കണ്ണുകൾ കൊണ്ടും ദോഷം മാത്രം കാണാൻ ശീലിച്ചിരിക്കുന്നു. അതു നമ്മുടെ ജീവിതത്തിന്റെ  വെളിച്ചം കെടുത്തി കളയുന്നുണ്ട്. നമുക്കൊരാളോട് അളവറ്റ സ്നേഹമുണ്ടെങ്കിൽ അയാളിലെ ദോഷങ്ങൾ മൃദുവായി പറയുക. അതയാളെ എന്തു മാത്രം വിമലീകരിക്കുമെന്നോ! അത്തരത്തിൽ ഒരാളെ സഹായിക്കാൻ കഴിയുക സൽക്കർമ്മമല്ലാതൊന്നുമല്ല.

എന്നാൽ വാദപ്രതിവാദത്തിൽ അഭിരമിക്കുന്ന ചിലരുണ്ട്.സത്യമല്ല ജയമാണതിന്റെ ലക്ഷ്യം. വാദത്തിൽ ഒരാൾക്കെതിരാണ് നിങ്ങളെങ്കിൽ നിങ്ങൾക്കൊരിക്കലും അപരനെ മനസ്സിലാക്കാൻ കഴിയില്ല. മനസ്സിലാക്കുക എന്നാൽ മറ്റൊരാളെ പൂർണ്ണമായും കേൾക്കുക എന്നതാവുന്നു അർത്ഥം. എന്നാൽ നിങ്ങൾ തർക്കിക്കുമ്പോൾ നിങ്ങൾ അയാളെ കേൾക്കുന്നേയില്ല. അങ്ങനെ പുറമേക്ക് നടിക്കുകയും അകമേ അയാൾക്കെതിരെ ഒരുങ്ങുകയും ചെയ്യുകയാണ്.

അതെ ഇനി ഇതാ നിങ്ങളുടെ മാഗസിൻ; നിലാവും സൂര്യനും തന്നത്. രണ്ടുകണ്ണുകൊണ്ടും ഇതിന്റെ ഗുണവും ദോഷവും കാണണമെന്ന അപേക്ഷയോടെ...

**റിഫ ഫാത്തിമ സി**
സ്റ്റുഡന്റ് എഡിറ്റർ

STAFF EDITORIAL

# രണ്ട് വാക്ക്

ഒരു ക്യാമ്പസിന്റെ ആത്മാവിനെ ഏറ്റവും മനോഹരമായി സൂക്ഷിക്കുന്നത് അതിന്റെ ഓർമ്മകളാണ്. ചിലത് ക്ലാസ് മുറികളിൽ ജനിക്കുന്നു, ചിലത് ഇടനാഴികളിലെ ചിരികളിൽ, ചിലത് നിശബ്ദമായ സ്വപ്നങ്ങളായി ഹൃദയങ്ങളിൽ നിലനിൽക്കുന്നു. ആ ഓർമ്മകൾക്ക് അക്ഷരങ്ങളുടെ രൂപം നൽകുന്ന ശ്രമമാണ് ഈ മാഗസിൻ.

യുവത്വത്തിന്റെ ചിന്തകളും സൃഷ്ടികളും വികാരങ്ങളും ചേർന്നൊരുങ്ങിയ ഈ സമാഹാരം ഒരു പ്രസിദ്ധീകരണം മാത്രമല്ല; നമ്മുടെ കാലത്തിന്റെ ഒരു രേഖപ്പെടുത്തലാണ്. ഓരോ കവിതയും കഥയും ചിത്രവും ഈ ക്യാമ്പസിന്റെ ഹൃദയമിടിപ്പുകളെ വഹിക്കുന്നു.

ഈ യാത്രയിൽ തങ്ങളുടെ സൃഷ്ടിപരമായ സംഭാവനകൾ നൽകി മാഗസിനെ സമ്പന്നമാക്കിയ എല്ലാ വിദ്യാർത്ഥികൾക്കും സഹപ്രവർത്തകർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

പിന്തുണയും പ്രോത്സാഹനവും നൽകി ഒപ്പമുണ്ടായ കോളേജ് മാനേജ്മെന്റിനും പ്രിൻസിപ്പാളിനും അധ്യാപകഅനധ്യാപക ജീവനക്കാർക്കും ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

കാലം കടന്നുപോകുമ്പോൾ, ഈ പേജുകൾ വീണ്ടും തുറക്കുന്ന ഒരാളുടെ ഹൃദയത്തിൽ യൗവനത്തിന്റെ ഒരു മൃദുലമായ ശബ്ദമായി ഈ മാഗസിൻ നിലനിൽക്കട്ടെ.

**ഡോ.സുമിത്ത് പി.വി.**
സ്റ്റാഫ് എഡിറ്റർ





വരച്ചത്: ജിത്യ
II DC History



*Chief Editor*
**Dr. R.K.Biju**

*Staff Editor*
**Dr. Sumith P. V.**

*Student Editor*
**Rifa Fathima C.**

*Cover Design*
**Prasanth Muringeri**

*Layout & Printing*
**Sign Designers and Printers**
9847854947, 8289854947

*Statement about ownership and other particulars:*

| | |
|---|---|
| Place of Publication | : PRNSS College,<br>Mattanur |
| Periodicity of Publication | : Annual |
| Printer & Publisher: | : Dr. R.K Biju<br>Principal in Charge<br>PRNSS College<br>Mattanur |
| Nationality | : Indian |

Name & Address of the individual who owns the magazine: PRNSS College, Mattanur

I Dr. R.K. Biju, hereby declare that the particulars are true to the best of my knowledge and belief.



# കാലം മാറിയാലും മങ്ങാത്ത പ്രതിഭകൾ

# CONTENTS




| | | |
|---|---|---|
| 1. | കഥ പറയുമ്പോൾ | 13 |
| 2. | സിനിമയും ക്യാമ്പസും | 18 |
| 3. | നിങ്ങൾ എന്നെ വായിക്കാൻ | 20 |
| 4. | സ്ത്രീ | 21 |
| 5. | അകലെയായി | 21 |
| 6. | നമ്മളിടം | 22 |
| 7. | ഞാൻ | 23 |
| 8. | എന്നോട് | 24 |
| 9. | അമ്മയുടെ സ്നേഹസാഗരം | 25 |
| 10. | പ്രണയം | 26 |
| 11. | രാവിന്റെ തോഴി | 27 |
| 12. | കോടതി വിധി | 28 |
| 13. | നിളയുടെ കഥാകാരൻ | 29 |
| 14. | DEMOCRACY | 31 |
| 15. | ആൽമരത്തിന്റെ സാക്ഷ്യം | 32 |
| 16. | നിഴലിൽ നിന്ന് വെളിച്ചത്തിലേക്ക് | 35 |
| 17. | നിഴൽ വേട്ടയാടുന്ന ജീവിതങ്ങൾ | 37 |
| 18. | ഹൃദയതാളുകൾക്കിടയിലെ ചില മനുഷ്യർ | 39 |
| 19. | SHADOW | 42 |
| 20. | കലാലയം | 57 |
| 21. | സാക്ഷി | 58 |
| 22. | ORമകൾ | 59 |
| 23 | കത്തെഴുത്ത് | 59 |
| 24. | പ്രതീക്ഷ | 61 |
| 25. | ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക് | 62 |
| 26. | LIMITED STOP | 63 |
| 27. | ഓർമ്മ വേണം | 64 |
| 28. | FALLING FOR A FRIEND | 64 |
| 29. | പൊന്നു മോനേ മാപ്പ് | 65 |
| 30. | WHIPERS OF YOU | 66 |
| 31. | ITS NEVER THE SHADOW | 67 |
| 32. | कृत्रिम बुद्धिमत्ता और हम | 68 |
| 33. | मैं और मां | 69 |
| 34. | धूप बिना क्या छांव | 70 |



വി.എസ്.അനിൽകുമാർ

# കഥ പറയുമ്പോൾ...



<u>ശ്രീനിവാസൻ ഇപ്പോൾ നമ്മോടൊപ്പം ഇല്ല. മലയാളിയുടെ ചെറിയ മോഹങ്ങളും പിണക്കങ്ങളും സന്തോഷങ്ങളും പ്രണയവും കുശുമ്പും കുന്നായ്മയും തട്ടിപ്പും വെട്ടിപ്പുമൊക്കെത്തന്നെ, വളരെ സാമൂഹിക മായ ഉൾനോട്ടത്തോടുകൂടി അവതരിപ്പിച്ച ഒരു വലിയ ചലച്ചിത്ര രചയിതാവിനെയാണ് നമുക്ക് നഷ്ടമായത്.</u>

ശ്രീനിവാസനെക്കുറിച്ച് സംസാരിക്കാൻ മട്ടന്നൂർ പഴശ്ശിരാജ എൻ.എസ്.എസ് കോളേജിൽ എത്തുമ്പോൾ രണ്ടുതരത്തിലുള്ള പ്രത്യേകതകളുണ്ട്. ഒന്ന് ശ്രീനിവാസൻ പഠിച്ച കോളേജാണിത്. ശ്രീനിവാസൻ എന്ന കലാകാരനെ, ചലച്ചിത്രകാരനെ രൂപപ്പെടുത്തിയ കോളേജ്. രണ്ടാമത്തേത് എന്റെ വ്യക്തിപരമായ കാര്യമാണ്. കണ്ണൂർ സർവ്വകലാശാലയിലെ ഒന്നിലധികം ഔദ്യോഗിക വേഷങ്ങളിൽ, വിദ്യാർത്ഥികളുടെ കാര്യങ്ങളെക്കുറിച്ച് അറിയാനും നാഷണൽ സർവീസ് സ്കീമിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും കലോത്സവങ്ങളിലും ഈ കോളേജിൽ പലതവണ എത്തിയിട്ടുണ്ട്. കുറേക്കാലം കഴിഞ്ഞ് ഇവിടെ വീണ്ടും വരാൻ കഴിഞ്ഞു.

ശ്രീനിവാസനെക്കുറിച്ച് എന്ന് പറയുമ്പോൾ ഏത് ശ്രീനിവാസൻ എന്നാരും ചോദിക്കാറില്ല. നമുക്കൊരു ശ്രീനിവാസനെയുള്ളൂ. അത്രമാത്രം ആ പേര് നമ്മുടെ ജീവിതത്തോട് ചേർന്ന് നിൽക്കുന്നു. ആ ശ്രീനിവാസൻ ഇപ്പോൾ നമ്മോടൊപ്പം ഇല്ല. മലയാളിയുടെ ചെറിയ മോഹങ്ങളും പിണക്കങ്ങളും സന്തോഷങ്ങളും പ്രണയവും കുശുമ്പും കുന്നായ്മയും തട്ടിപ്പും വെട്ടിപ്പുമൊക്കെത്തന്നെ, വളരെ സാമൂഹികമായ ഉൾനോട്ടത്തോടുകൂടി അവതരിപ്പിച്ച ഒരു വലിയ ചലച്ചിത്ര രചയിതാവിനെയാണ് നമുക്ക് നഷ്ടമായത്.

ഇവിടെ സ്വാഗതം പറയുമ്പോൾ ഞാൻ ഒരു തിരക്കഥാകൃത്താണ് എന്ന് പരിചയപ്പെടുത്തുകയുണ്ടായി. പട്ടുനൂലിനോട് വാഴനാര് കൂട്ടി കെട്ടരുത്. മൂന്നുനാലു ചെറിയ സിനിമാ

സംരംഭങ്ങളിൽ പങ്കാളിയായി എന്നല്ലാതെ എന്നെ സംബന്ധിച്ച മറ്റൊന്നുമില്ല. പക്ഷേ ശ്രീനിവാസൻ അങ്ങനെയല്ല. അദ്ദേഹം ജനിച്ചതേ നാടകത്തിനും സിനിമയ്ക്കുമൊക്കെ വേണ്ടിയാണ് എന്ന് പറയാം. അത്രമാത്രം ഈ കലകൾ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഭാഗമാണ്.

പണ്ട് 2007 ൽ ഞങ്ങളുടെ കണ്ണപുരം ഗ്രാമപഞ്ചായത്ത് ഒരു സിനിമ നിർമ്മിച്ചു. കുട്ടികൾക്ക് വേണ്ടി, കുട്ടികൾ മുഖ്യകഥാപാത്രങ്ങളായ സിനിമ. 'കളിയൊരുക്കം' എന്നു പേരുള്ള ആ സിനിമയ്ക്ക് 2007 ലെ ഏറ്റവും നല്ല കുട്ടികളുടെ സിനിമയ്ക്കുള്ള സംസ്ഥാന ഗവൺമെന്റിന്റെ അവാർഡ് ലഭിക്കുകയുണ്ടായി. അതിന്റെ തിരക്കഥയുടെ പകുതിഭാഗം ഞാനാണ് എഴുതിയത്.'കളിയൊരുക്ക'ത്തിന്റെ ആദ്യ പ്രദർശനം കണ്ണപുരത്തെ രവികൃഷ്ണ ടാക്കീസിൽ ഉദ്ഘാടനം ചെയ്യാൻ ശ്രീനിവാസനയാണ് ക്ഷണിച്ചത്. മട്ടന്നൂർ കോളേജിനെക്കുറിച്ച് ചില ഓർമ്മകൾ ശ്രീനിവാസൻ അന്നേരം പങ്കുവയ്ക്കുകയുണ്ടായി. അദ്ദേഹത്തിന് കാലിക്കറ്റ് യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ ഏറ്റവും നല്ല നടനുള്ള സമ്മാനം ലഭിക്കുന്നത് മട്ടന്നൂർ കോളേജിൽ പഠിക്കുമ്പോഴാണ്. ഇവിടുത്തെ അദ്ധ്യാപകനായിരുന്ന സി.എസ്.നായരുടെ 'വൈരൂപ്യങ്ങൾ' എന്ന നാടകത്തിൽ 'വിരൂപൻ' എന്ന കഥാപാത്രത്തെയാണ് ശ്രീനിവാസൻ അവതരിപ്പിച്ചത്. സിനിമയിലെ സൗന്ദര്യസങ്കല്പങ്ങളോടൊന്നും പൊരുത്തപ്പെടാത്ത ശരീരമുള്ള, കറുത്തു മെലിഞ്ഞ ശ്രീനിവാസൻ, സിനിമയിൽ എന്തെങ്കിലുമാകണം എന്ന തീരുമാനവുമായി മദ്രാസിലേക്ക് വണ്ടി കയറുന്നത് ഒന്നാലോചിച്ചു നോക്കൂ. അദ്ദേഹത്തിന്റെ വല്ലാത്തൊരു ധൈര്യവും ആത്മവിശ്വാസവുമാണ്. അന്നും പിന്നീടും. ആദ്യസിനിമയായ പി.എ.ബക്കറിന്റെ 'മണി മുഴക്ക'ത്തിൻ അദ്ദേഹത്തിന്റെ കഥാപാത്രത്തിന്റെ പേര് 'നൂലൻ അന്തോണി' എന്നായിരുന്നു.

ഒരു സ്രഷ്ടാവിന്റെ ആത്മധൈര്യമുള്ള ആളായിരുന്നു ശ്രീനിവാസൻ. തനിക്ക് ചില കാര്യങ്ങൾ സമൂഹത്തോട് പറയാനുണ്ടെന്നും അത് താൻ പറഞ്ഞിരിക്കും എന്നുമുള്ള കലാകാരന്റെ നിർബന്ധം. ഇത് ജീവിതത്തിലുടനീളം ശ്രീനിവാസൻ വച്ച് പുലർത്തി. സിനിമയിലും പുറത്തും. നടൻ എന്നതിലുപരി അദ്ദേഹം ഏറ്റവും പ്രധാനമായും ഒരു രചയിതാവായിരുന്നു. അമ്പതോളം സിനിമകൾക്ക് തിരക്കഥകൾ എഴുതി രണ്ട് സിനിമകൾ സംവിധാനം ചെയ്തു. അതിലെല്ലാം തന്നെ ശ്രീനിവാസന്റെ മുദ്ര കാണാം. ശ്രീനിവാസന്റെ ഒപ്പ് പതിഞ്ഞ രചനകളാണ് അവയെല്ലാം.

ദാരിദ്ര്യം എന്ന അവസ്ഥ മറ്റു ചില ഇല്ലായ്മകളെ ഉണ്ടാക്കും.നിങ്ങൾക്ക് വിചാരിച്ചത് പോലെ പഠിക്കാനോ ഭക്ഷണം കഴിക്കാനോ നല്ല ഉടുപ്പിടാനോ നല്ല ചെരുപ്പ് ധരിക്കാനോ കഴിയില്ല.നിങ്ങളുടെ ആത്മവിശ്വാസം കുറയും. നിങ്ങളുടെ പ്രണയങ്ങൾ നഷ്ടമാകും. ചങ്ങമ്പുഴ 'രമണ'നിൽ പറയുന്നതുപോലെ പ്രണയത്തിൽ വഞ്ചനകൾ ഏൽക്കേണ്ടിവരും. തകഴിയുടെ പ്രസിദ്ധമായ 'വിശപ്പ്' എന്ന കഥയിൽ ഒരു കുട്ടി അനിയനോട് പറയുന്നുണ്ട്,'ഒന്നുറങ്ങിയാൽ നന്നായിരുന്നു. വിശപ്പറിയത്തില്ലായിരുന്നു.' ദരിദ്രന് വിശപ്പു മാറ്റാനുള്ള എളുപ്പവഴി ഭക്ഷണമല്ല, ഉറക്കമാണ്. ഈ സത്യദർശനം ശ്രീനിവാസന്റെ സിനിമകളിൽ എമ്പാടുമുണ്ട്. നമ്മളിന്ന് സൂപ്പർസ്റ്റാർ എന്ന് വിളിക്കുന്ന പല നടന്മാരും ശ്രീനിവാസന്റെ സിനിമകളിൽ സാധാരണക്കാരും പട്ടിണിക്കാരും പരാജയപ്പെടുന്നവരുമൊക്കെയാണ്. അവർ അത്ഭുതങ്ങൾ ഒന്നും ചെയ്യുന്നില്ല. 'വിയറ്റ്നാം കോളനി' എന്ന സിനിമയിൽ നായകൻ അവിടെയുള്ള മുഴുവൻ ആൾക്കാരെയും പറ്റിച്ച് അവരുടെ ഭൂമി കൈക്കലാക്കാൻ ചെല്ലുന്നു. പക്ഷേ അവിടെയുള്ളവരുടെ വലിയ കഷ്ടപ്പാടുകൾ കണ്ട്,അവരുടെ രക്ഷകനായി, തടിമാടന്മാരെയൊക്കെ അടിച്ചു നിരത്തി വിജയശ്രീലാളിതനായി, അവിടെത്തന്നെയുള്ള ഒരു പെൺകുട്ടിയുടെ കൈയും പിടിച്ച് വരുന്നു. ഇതല്ല ശ്രീനിവാസന്റെ സിനിമകളിൽ കാണുന്ന



നായകത്വം. അതേ മോഹൻലാൽ തന്നെയാണ് 'വരവേൽപ്പി'ലോ 'സന്മനസ്സുള്ളവർക്ക് സമാധാന'ത്തിലോ 'നാടോടിക്കാറ്റി'ലോ കഥാപാത്രമായി വരുന്നതും. ജീവിതത്തിന്റെ വലുപ്പങ്ങളോട്,സാമ്പത്തികമായ,അധികാരത്തിന്റേതായ വലുപ്പങ്ങളോട് ഏറ്റുമുട്ടി പരാജയപ്പെടുകയോ ചെറിയ വിജയങ്ങളിൽ അവസാനിക്കുകയോ ചെയ്യുന്ന ജീവിതങ്ങളാണ് ശ്രീനിവാസന്റെ തിരക്കഥകളിലും സിനിമകളിലും കാണുന്നത്.

രണ്ടു സിനിമകളാണ് ശ്രീനിവാസൻ സംവിധാനം ചെയ്തത്. 'വടക്കുനോക്കി യന്ത്ര'വും 'ചിന്താവിഷ്ടയായ ശ്യാമള'യും. എങ്ങനെയാണ് മലയാളി മനസ്സിനെ ബ്ലോട്ടിംഗ് പേപ്പർ വെച്ച് ഒപ്പിയെടുക്കുന്നത് പോലെ ഒപ്പിയെടുക്കുക എന്നത് ആ സിനിമകളിൽ കാണാം. ഒന്നാമത്തേതിൽ അപകർഷതാബോധം കൊണ്ട് വലിയ മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്ന നായകനാണ്. സുന്ദരിയായ ഭാര്യയും അത്രയൊന്നും സുന്ദരനല്ലാത്ത ഭർത്താവും തമ്മിലുള്ള പ്രശ്നങ്ങൾ. തമ്മിലുള്ളതല്ല,മറിച്ച് അയാൾക്കു മാത്രം ഉണ്ടാകുന്ന പ്രശ്നങ്ങൾ. അതുകാരണം ആ പാവം പെൺകുട്ടി അനുഭവിക്കുന്ന മാനസിക പ്രയാസങ്ങൾ, തന്റെ അപകർഷതാബോധം മറികടക്കാൻ പുരുഷൻ ചെയ്യുന്ന പലതരം പരിഹാസ്യമായ പ്രവർത്തനങ്ങൾ, ഇതെല്ലാം കൂടി ഒരു മനശാസ്ത്ര സിനിമയുടെ തലത്തിലേക്ക് 'വടക്കുനോക്കി യന്ത്രം' ഉയരുന്നുണ്ട്.

അതുപോലെ 'ചിന്താവിഷ്ടയായ ശ്യാമള'യിൽ ഒരുതരത്തിലുള്ള ഉത്തരവാദിത്വബോധവുമില്ലാത്ത ഗൃഹനാഥനെയാണ് നമ്മൾ കാണുന്നത്. കൂട്ടുകൂടി മദ്യപിച്ചും ശീട്ട് കളിച്ചും വീട്ടിലെ ഒരു കാര്യത്തിലും ഇടപെടാതെയും ധൂർത്തടിച്ചു നടക്കുന്ന ഒരു 'നായകൻ'. അയാൾ ഒരു നെഗറ്റീവ് കഥാപാത്രമാണ്. എതിരാളികളെ അടിച്ചുകൊന്നും വെടിവെച്ചിട്ടും വിലസുന്ന വില്ലനല്ല. ഈ അവഗണനയിൽ നിന്നാണ് ശ്യാമള കുട്ടികളെയും തന്നെയും പലതരത്തിൽ പണിയെടുത്ത് കരകയറ്റാൻ ശ്രമിക്കുന്നത്. അവിടെയും ഭർത്താവിന്റെ പിന്തുണയൊന്നും ശ്യാമളക്ക് കിട്ടുന്നുമില്ല. മറുപടിയായി ശ്യാമള ഭർത്താവിനെയും തീർത്തും അവഗണിക്കുന്നു. പക്ഷേ അത് താങ്ങാൻ അയാൾക്കാവുന്നില്ല. അയാൾ അടിസ്ഥാനപരമായി നല്ലവനാണ്.അയാൾ വീട് വിട്ടുപോകുന്ന ഒരു നാടകം ഒരുക്കുമ്പോൾ, മക്കളോട് അയ്യോ അച്ഛാ പോകല്ലേ എന്ന് പറയാൻ ശട്ടം കെട്ടിയപ്പോൾ, ശ്യാമള കരിങ്കല്ലുപോലെ അനങ്ങാതിരിക്കുന്ന സീനുകളുണ്ട്. അതിലുണ്ട് ശ്രീനിവാസൻ ടച്ച് മുഴുവനും. സൂക്ഷ്മമായ ജീവിതയാഥാർത്ഥ്യങ്ങൾ ഫലിതാത്മകമായി അവതരിപ്പിക്കുന്നതിൽ ശ്രീനിവാസനോളം സാമർത്ഥ്യം ഇവിടെയാർക്കുമില്ല.

ശ്രീനിവാസനെക്കുറിച്ച് സത്യൻ അന്തിക്കാട് ഒരു കാര്യം പറയുന്നുണ്ട്. നമ്മൾ ഒരു ചായക്കടയിൽ കയറുന്നു. കടക്കാരൻ വന്ന് ചായ വേണോ എന്ന് ചോദിക്കുമ്പോൾ, നമ്മൾ ഒന്നുകിൽ വേണം അല്ലെങ്കിൽ വേണ്ട എന്ന് പറയും. പക്ഷേ ശ്രീനിവാസൻ 'വേണ്ടിവരും' എന്നാണ് പറയുക. അതാണ് ശ്രീനിവാസൻ ടച്ച്. ദൈവത്തെക്കുറിച്ചും അദ്ദേഹത്തിന് വ്യത്യസ്തമായ അഭിപ്രായമാണുള്ളത്. 'ഞാൻ ദൈവത്തിന്റെ ആളൊന്നുമല്ല,' വേറൊരിക്കൽ പറഞ്ഞു:'.ജെറാൾഡ് ട്രൂഡ് എന്ന ചിന്തകൻ പറഞ്ഞ വാക്കുകൾ എനിക്കിഷ്ടമാണ്.ദൈവം ഉണ്ടോ ഇല്ലയോ എന്ന് എനിക്കറിയില്ല.പക്ഷേ ദൈവം ഇല്ലാതിരിക്കുന്നതാണ് ദൈവത്തിന്റെ അന്തസ്സിന് നല്ലത്.'മറ്റൊരിക്കൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു,'ഇന്നസെൻറ് തന്ന 500 രൂപയും മമ്മൂട്ടി തന്നെ 2000 രൂപ കൊണ്ട് വാങ്ങിയ താലിയുമായി തലശ്ശേരി രജിസ്ട്രാർ ഓഫീസിൽ വെച്ച് നടത്തിയ കല്യാണമാണ് എന്റേത്! ആരുടെ മതം ? എന്ത് ജാതി ?






മട്ടന്നൂർ കോളേജിന്റെ ഒരു വേദിയിൽ സംസാരിക്കുമ്പോൾ ശ്രീനിവാസൻ എന്ന പൂർവ്വ വിദ്യാർത്ഥിയുടെ ഈ വാക്കുകൾക്ക് കൂടുതൽ അർത്ഥമുണ്ട്. നായർ സർവീസ് സൊസൈറ്റിക്ക് ഒരു കോളേജ് അന്നത്തെ സർക്കാർ അനുവദിക്കുന്നു. എൻ. എസ്.എസ്സിന്റെ ആചാര്യനായ മന്നത്ത് പത്മനാഭൻ പയ്യോളിയിൽ സ്ഥലം അന്വേഷിക്കുന്നു. അവിടെ സൗജന്യമായി ഭൂമി കിട്ടാത്തത് കൊണ്ട് മട്ടന്നൂരിലേക്ക് വരുന്നു. മട്ടന്നൂരിൽ കോളേജ് ഉണ്ടാക്കാൻ അന്നേരം ഒരു പ്രാദേശിക സമിതി ഉണ്ടാക്കുന്നു. അദ്ധ്യക്ഷൻ മൊയ്തു ഹാജിയായിരുന്നു. അദ്ദേഹം ഈ നായർ സർവീസ് സൊസൈറ്റി കോളേജിന് തന്റെ വക 27 എക്കർ സ്ഥലം വെറുതെ കൊടുത്തു. എന്ത് മതം ? എന്ത് ജാതി ? എന്ന് ശ്രീനിവാസൻ പഠിച്ച ഈ കോളേജിന്റെ വേദിയിൽ നിന്നുകൊണ്ട് വീണ്ടും ചോദിക്കാം.

അദ്ദേഹത്തിന്റെ പ്രസിദ്ധമായ തിരക്കഥകളിലെല്ലാം മനുഷ്യരുടെ ചെറിയ മോഹങ്ങളും ചെറിയ വിജയങ്ങളും പരാജയങ്ങളും നിറഞ്ഞുനിൽക്കുന്നുണ്ട്.അദ്ദേഹത്തിന് സമൂഹത്തോട് പറയാൻ നിറയെ കാര്യങ്ങളുണ്ട്. സിനിമയിലെ അദ്ദേഹത്തിൻറെ കൂട്ടുകാർ പറയുന്നത് ലോകത്തിൽ നടക്കുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും അദ്ദേഹം അന്വേഷിച്ചു കൊണ്ടിരിക്കുമെന്നാണ്.ആ അന്വേഷണം, അതിന്റെ ഫലങ്ങൾ,അദ്ദേഹത്തിന്റെ സിനിമകളിൽ എമ്പാടും കാണാം.

ശ്രീനിവാസന്റെ തിരക്കഥയിൽ പിറന്ന 'സന്ദേശം' എന്ന സിനിമ ഇന്നും പ്രവാചക സ്വഭാവത്തോടെ നമ്മുടെയെല്ലാം മനസ്സിലുണ്ട്.ആ സിനിമ അന്നത്തെ കാലത്ത് തന്നെ നമ്മുടെ രാഷ്ട്രീയത്തിന് സംഭവിച്ച അപചയത്തെ ചൂണ്ടിക്കാണിക്കുന്നു. ഇതിൽ ഒരു തമാശരംഗമുണ്ട്. ശ്രീനിവാസൻ അവതരിപ്പിക്കുന്ന കഥാപാത്രം കല്യാണം കഴിക്കണം എന്ന് പറയുമ്പോൾ, വലിയ നേതാവ്, 'നമ്മുടെ പാർട്ടിക്ക് കല്യാണമിഷ്ടമല്ല' എന്നാണ് പറയുന്നത്. 'അഥവാ കഴിച്ചാലോ? ഒരു രക്തഹാരമങ്ങോട്ടും ഒരു രക്തഹാരമിങ്ങോട്ടും മതി.' ഇങ്ങനെയുള്ള നിരവധി രസികൻ പ്രയോഗങ്ങൾ ശ്രീനിവാസന്റെ സിനിമകളിൽ ഒരുപാട് ഇടങ്ങളിൽ കാണാം. വലിയ എഴുത്തുകാരുടെ രചനകൾ അങ്ങനെയാണ്.നമ്മുടെ ഭാഷയെ സമ്പന്നമാക്കുന്ന ആശയങ്ങൾ,പ്രയോഗങ്ങൾ എന്നിവ സൃഷ്ടിക്കാനുള്ള കഴിവ് വലിയവർക്കേ ഉണ്ടാകു.'പോളണ്ടിനെ കുറിച്ച് ഒരക്ഷരം മിണ്ടിപ്പോകരുത്' എന്ന സംഭാഷണം ഓർക്കുക.പിന്നെ അത് മലയാളത്തിലെ പഴഞ്ചൊല്ലായി.


കുഞ്ചൻ നമ്പ്യാരാണ് ശ്രീനിവാസനെ പോലെ ഹാസ്യത്തിലൂടെ സാമൂഹിക വിമർശനം നടത്തിയ മറ്റൊരു മലയാളി എഴുത്തുകാരൻ. രണ്ടുപേരും രചനകളിൽ ധീരനായിരുന്നു. രാജഭരണകാലത്ത് ജീവിച്ചിരുന്ന കുഞ്ചൻ നമ്പ്യാർ വളരെ സമർത്ഥമായി അന്നത്തെ ഭരണ വ്യവസ്ഥിതിയെ വിമർശിച്ചു. 'ദീപസ്തംഭം മഹാശ്ചര്യം എനിക്കും കിട്ടണം പണം' എന്ന പ്രശസ്തമായ പ്രയോഗം രാജാവിന്റെ മിഥ്യാഭിമാനങ്ങൾക്ക് അടികൊടുത്തു. ഇതിലെ പരിഹാസം തുളച്ചുകയറുന്നതാണ്.ശ്രീനിവാസന്റെ നർമ്മങ്ങളും അതുപോലെ തുളച്ചു തുളച്ചു കയറും.

മറ്റൊന്ന് മലയാള സിനിമയിലെ താര/നായക സങ്കല്പങ്ങളെ അടിച്ചു പൊളിച്ചു കളഞ്ഞു എന്നുള്ളതാണ്. 'സൂപ്പർ സ്റ്റാർഡം' എടുത്തു കളഞ്ഞത് ശ്രീനിവാസനാണ്. തുടക്കം മുതലേ താരമൂല്യമുള്ളവരെ സാധാരണ കഥാപാത്രങ്ങളിലേക്ക് സന്നിവേശിപ്പിച്ചു.'ഉദയനാണ് താരം' എന്ന സിനിമയിൽ മോഹൻലാൽ എന്ന അതിതാര (Super Star) ത്തെ കൊണ്ടു തന്നെ സ്റ്റാർഡം തകർത്തു. സിനിമ സംവിധായകന്റെ കലയാണ് എന്ന് അടിസ്ഥാനതത്വത്തെ അടിവരയിട്ടു പറഞ്ഞു. ആ സിനിമയിലെ വില്ലനായ സരോജ് കുമാറിനെ ശ്രീനിവാസൻ സ്വയം അഭിനയിച്ചു കാണിച്ചു അതിലൂടെ സൂപ്പർസ്റ്റാറുകളെ തവിടുപൊടിയാക്കി.അങ്ങനെയൊരു കഥാപാത്രത്തെ അഭിനയിച്ചു കാണിക്കാനും വേണം ഒരു ധൈര്യം.അതിന്റെ തുടർച്ചയായ 'പത്മശ്രീ ഭരത് ഡോ.സരോജ് കുമാർ'എന്ന സിനിമയിൽ അമിതാഭിനയം എന്ന സങ്കേതമടക്കം ഉപയോഗിച്ചുകൊണ്ട്, വേൾഡ് ട്രേഡ് സെൻറർ തകർത്തതുപോലെ അത്രയും ഉയരത്തിലുള്ള സൂപ്പർ സ്റ്റാർഡം എന്ന അധികാരഭാവത്തെ പൊടിച്ച് അന്തരീക്ഷത്തിൽ ലയിപ്പിച്ചു.

സിനിമ കച്ചവടമാണോ കലയാണോ എന്ന കാര്യത്തിൽ രണ്ട് അഭിപ്രായങ്ങൾ നിലനിൽക്കുന്നു. കച്ചവടത്തിന് ചില ചേരുവകൾ ഉണ്ട്.അതിലൊന്നാണ് നിലവാരം കുറഞ്ഞ ഹാസ്യം.ദ്വയാർത്ഥ പ്രയോഗങ്ങൾ,ലൈംഗിച്ചുവയുള്ള തമാശകൾ,ഗോഷ്ടികൾഎന്നിവയാണ് അതിന്റെ ലക്ഷണങ്ങൾ. ഇതിനൊക്കെ പകരമായി സാമൂഹികമായ ഉത്കണ്ഠകളുള്ള ഹാസ്യമാണ് ശ്രീനിവാസന്റെ പ്രത്യേകത.പലപ്പോഴും ആ ചിരി,ചാപ്ലിൻ സിനിമകളിൽ എന്നപോലെ,വലിയൊരു കരച്ചിലിൽ അവസാനിക്കുകയും ചെയ്യും.ഓർത്തോർത്തു ചിരിക്കാൻ സിനിമകളിൽ ഒരുപാട് രംഗങ്ങളുണ്ട്. നമ്മൾ അവ വീണ്ടും വീണ്ടും പറഞ്ഞു ചിരിക്കുന്നു.'മെസ്റ്റീനെ,ചെറിയ സ്ക്രൂഡ്രൈവറിങ്ങ് എടുക്ക്,' എന്ന 'വെള്ളാനകളുടെ നാട്' എന്ന സിനിമയിലെ സംഭാഷണം,ഒരിക്കലും ചിരിക്കാത്ത നമ്മുടെ പ്രശസ്തനായ സംവിധായകൻ അരവിന്ദനെ പോലും ചിരിപ്പിച്ചിട്ടുണ്ട് എന്ന് കേട്ടിട്ടുണ്ട്!

ശ്രീനിവാസൻ ഒരിടത്ത് പറയുന്നുണ്ട്:'ഒരു പാറ പൊട്ടിക്കുമ്പോൾ ആദ്യത്തെ അടിയടിക്കുന്നു. രണ്ടാമതും അടിക്കുന്നു. മൂന്നാമത്തെയും പത്താമത്തെയും അടിയടിക്കുന്നു.ചിലപ്പോൾ അമ്പതാമത്തെ അടിയിൽ ആയിരിക്കും പാറ പൊളിയുക. ഒരു നാൾ എല്ലാ പാറയും പൊളിയും.'ഇതാണ് ശ്രീനിവാസന്റെ ജീവിത തത്വശാസ്ത്രം. അദ്ദേഹത്തിന്റെ ചലച്ചിത്ര ജീവിതവും നിരന്തരമായ പരിശ്രമങ്ങളുടെ ആകെത്തുകയാണ്. ഇനിയൊരു ശ്രീനിവാസൻ ഉണ്ടാകുമോ?ഉണ്ടാകണമെങ്കിൽ അത്തരത്തിലുള്ള സാമൂഹികമായ ഉൾക്കാഴ്ചയും ഫലിതവും മനോഭാവമുള്ള ഒരാൾ ഉണ്ടാവണം.

(മട്ടന്നൂർ പഴശ്ശിരാജ എൻഎസ്എസ് കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ശ്രീനിവാസൻ അനുസ്മരണ' പരിപാടിയിൽ നടത്തിയ പ്രസംഗത്തിന്റെ എഴുത്തുരൂപം) ■





# സിനിമയും ക്യാമ്പസും

എഡിറ്റോറിയൽ ബോർഡ്

2025 സെപ്റ്റംബർ മുതൽ 2026 ജൂലൈ വരെയുള്ള കാലഘട്ടം മലയാള സിനിമയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ രേഖപ്പെടുത്തിയ സമയമാണ്. ഈ കാലയളവിൽ വലിയ താരചിത്രങ്ങൾക്കൊപ്പം യുവാക്കളെയും കോളേജ് വിദ്യാർത്ഥികളെയും പ്രധാന പ്രേക്ഷകരാക്കി നിരവധി സിനിമകൾ പുറത്തിറങ്ങി. സോഷ്യൽ മീഡിയ, റീൽസ്, കോളേജ് ഫെസ്റ്റുകൾ, യുവഭാഷ എന്നിവയെ സിനിമകൾ സജീവമായി ഉപയോഗിച്ചതിനാൽ ചില ചിത്രങ്ങൾ നമ്മുടെ ക്യാമ്പസിൽ വലിയ ചർച്ചാവിഷയമായി.

> വലിയ താരചിത്രങ്ങൾക്കൊപ്പം യുവാക്കളെയും കോളേജ് വിദ്യാർത്ഥികളെയും പ്രധാന പ്രേക്ഷകരാക്കി നിരവധി സിനിമകൾ പുറത്തിറങ്ങി. സോഷ്യൽ മീഡിയ, റീൽസ്, കോളേജ് ഫെസ്റ്റുകൾ, യുവഭാഷ എന്നിവയെ സിനിമകൾ സജീവമായി ഉപയോഗിച്ചതിനാൽ ചില ചിത്രങ്ങൾ നമ്മുടെ ക്യാമ്പസിൽ വലിയ ചർച്ചാവിഷയമായി.

ഈ കാലഘട്ടത്തിലെ ഏറ്റവും ശ്രദ്ധേയമായ ക്യാമ്പസ് ഹിറ്റായി വാഴ 2 ബയോപിക് ഓഫ് മില്ല്യൻ ബ്രോസ് മാറി. സൗഹൃദം, കോളേജ് ജീവിതം, യുവാക്കളുടെ ആശയക്കുഴപ്പങ്ങൾ, നർമ്മം എന്നിവ ചേർന്ന അവതരണം വിദ്യാർത്ഥികൾ ഏറ്റെടുത്തു. സിനിമയിലെ സംഭാഷണങ്ങളും ഗാനങ്ങളും സോഷ്യൽ മീഡിയയിൽ വ്യാപകമായി പ്രചരിച്ചതോടെ ക്യാമ്പസ് സംസ്കാരത്തിന്റെ




ഓഫീസും ഈ ചിത്രത്തെ വർഷത്തിലെ പ്രധാന വിജയങ്ങളിലൊന്നായി വിലയിരുത്തി.

ആട് 3 മറ്റൊരു പ്രധാന വിജയമായിരുന്നു. മുമ്പത്തെ ഭാഗങ്ങളുടെ ആരാധകവൃന്ദത്തെ നിലനിർത്തിക്കൊണ്ട് പുതിയ തലമുറയെയും ആകർഷിക്കാൻ ചിത്രത്തിന് സാധിച്ചു. ആഘോഷാന്തരീക്ഷം സൃഷ്ടിച്ച ഹാസ്യവും കഥാപാത്രങ്ങളും കോളേജ് വിദ്യാർത്ഥികൾക്കിടയിൽ വലിയ സ്വീകാര്യത നേടി.

2025 സെപ്റ്റംബറിൽ പുറത്തിറങ്ങിയ 'ബൾട്ടി' സ്പോർട്സ് പശ്ചാത്തലവും യുവജന ജീവിതവുമാണ് പ്രമേയമാക്കിയത്. വലിയ വാണിജ്യവിജയമല്ലെങ്കിലും വിദ്യാർത്ഥികൾക്കിടയിൽ സിനിമ ചർച്ച ചെയ്യപ്പെട്ടതായി വിലയിരുത്തപ്പെട്ടു.

അതേസമയം, ലോക ചാപ്റ്റർ 1 ചന്ദ്ര, ദൃശ്യം 3, പാടിയട്ട് തുടങ്ങിയ ചിത്രങ്ങൾ വൻ ബോക്സ് ഓഫീസ് വിജയങ്ങളോ വലിയ പ്രതീക്ഷകളോ സൃഷ്ടിച്ചെങ്കിലും അവയുടെ പ്രധാന ആകർഷണം ക്യാമ്പസ് സംസ്കാരമല്ലായിരുന്നു. ഇവ കുടുംബപ്രേക്ഷകരെയും പൊതുസിനിമാപ്രേക്ഷകരെയുമാണ് കൂടുതലായി ലക്ഷ്യമിട്ടത്.

ഈ കാലഘട്ടത്തിലെ ക്യാമ്പസ് സിനിമകളെ വിശകലനം ചെയ്യുമ്പോൾ ചില പ്രധാന പ്രവണതകൾ വ്യക്തമാണ്. ഒന്നാമതായി, സൗഹൃദവും സ്വയം തിരിച്ചറിയലും കഥകളുടെ കേന്ദ്രവിഷയമായി. രണ്ടാമതായി, സോഷ്യൽ മീഡിയയും മീം സംസ്കാരവും സിനിമയുടെ ജനപ്രീതി നിർണയിക്കുന്ന പ്രധാന ഘടകങ്ങളായി മാറി. മൂന്നാമതായി, വലിയ താരനിരയേക്കാൾ പുതുമയുള്ള അവതരണവും യുവതലമുറയുടെ ഭാഷയും സിനിമയുടെ വിജയത്തിൽ നിർണായകമായി. 2026 യുവാക്കളെ ലക്ഷ്യമിട്ട സിനിമകൾ പോലും വലിയ താരചിത്രങ്ങളോട് മത്സരിക്കാൻ കഴിഞ്ഞതായി ബോക്സ് ഓഫീസ് പ്രവണതകൾ സൂചിപ്പിക്കുന്നു.

2025 സെപ്റ്റംബർ മുതൽ 2026 ജൂലൈ വരെയുള്ള മലയാള സിനിമകളിൽ ക്യാമ്പസ് പ്രേക്ഷകരെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ചിത്രങ്ങൾ വാഴ 2, ആട് 3, ഭാഗികമായി ബൾട്ടി എന്നിവയാണെന്ന് പറയാം. ഈ സിനിമകൾ വെറും വിനോദമല്ല, യുവതലമുറയുടെ ഭാഷയും ബന്ധങ്ങളും സ്വപ്നങ്ങളും ആശങ്കകളും പ്രതിഫലിപ്പിച്ച സാംസ്കാരിക രേഖകളായി മാറി. മലയാള സിനിമയുടെ ഭാവിയിൽ യുവപ്രേക്ഷകരുടെ അഭിരുചി നിർണായക ശക്തിയായി മാറിക്കൊണ്ടിരിക്കുകയാണെന്ന് ഈ കാലഘട്ടം തെളിയിക്കുന്നു. മട്ടന്നൂർ പഴശ്ശിരാജ എൻ എസ് എസ് കോളേജ് ക്യാമ്പസ് വിദ്യാർഥികളും സിനിമയുടെ സ്പന്ദനങ്ങൾ അനുഭവിച്ചറിയുന്നവരാണ്.



# നിങ്ങൾ എന്നെ വായിക്കാൻ

ഞാനാരാണെന്നെനിക്കറിയില്ല
ജീവിതമെന്തെന്നറിയാത്തവൾ
എന്നാൽ ജീവിക്കാനാഗ്രഹിക്കുന്നവൾ
മരണത്തെ ഇഷ്ടപെടുന്നവൾ
എന്നാൽ മരിക്കാൻ ഭയമുള്ളവൾ
സ്വയം തിരിച്ചറിയാതെ
മറ്റൊരാളെ അറിയാൻ
ശ്രമിച്ചവൾ
ശരീരത്തിന്റെ ഇരുമ്പഴികൾക്കുള്ളിൽ
മനസ്സിനെതളച്ചിട്ടവൾ
സ്വന്തം തേങ്ങലുകൾ തന്നെ
താരാട്ടായി പാടി സ്വയമുറക്കിയവൾ
മറ്റുള്ളവന്റെ ഇച്ഛയിലൂടെ ഈ
ദൂരമത്രയും താണ്ടിയവൾ
ഈ ജന്മത്തിലൂടെ തന്നെ
മറ്റൊരു ജന്മത്തിനായി കാത്തിരുന്നവൾ
ഒരു തേൻതുള്ളിപോലെ മനസ്സിൽ
സൂക്ഷിച്ച കിനാവുകളൊക്കയും
പിച്ചകാശിനു തൂക്കിവിറ്റവൾ
ഒരിക്കലും വരില്ലെന്നറിഞ്ഞിട്ടും
ആർക്കോവേണ്ടി
കണ്ണുനീർപ്പൂക്കളുമായി കാത്തിരിക്കുന്നവൾ



ഫർഹാന
II DC Economics



ശിവപ്രിയ എം.നായർ
III DC History

# സ്ത്രീ



**അ**ടച്ചിട്ട കതകുകൾ തള്ളി
ഉയരങ്ങളിലേക്ക് പറക്കാൻ
കാത്തിരിക്കുന്ന ഒരുപാട് സ്വപ്നങ്ങൾ
കാറ്റിനോട് പോരാടാൻ പഠിച്ച
ഒരു പെൺകിടാവിന്റെ
ഹൃദയത്തിൽ നിന്നുള്ള ഒരു ഗദ്ഗദം
കൈകൾ ബന്ധിച്ചിട്ടും
ചിന്തകൾ ബന്ധിക്കാനായില്ല,
കാലടികൾ തടഞ്ഞിട്ടും
പാതകൾ അടക്കാനാകില്ല.
ആകാശം പുരുഷന്റെ മാത്രമല്ല,
സൂര്യനും ചന്ദ്രനും സ്വപ്നങ്ങളും മോഹങ്ങളും
എല്ലാവർക്കും ഒരുപോലെ
അവകാശം ചോദിക്കുന്നില്ല,
അവൾ സ്വന്തമാക്കുന്നതാണ്
സ്വാതന്ത്ര്യം.
ഒരു പെണ്ണിന്റെ ചിരിയിൽ
ഒരു ലോകത്തിന്റെ ഭാവി ഉറങ്ങുന്നു
ആ ചിരി മങ്ങിയാൽ
മനുഷ്യരാശി മുഴുവനും ഇരുണ്ടു പോകും

# അകലെയായി



അനുവർണ ആനന്ദ്
II MCom

**അ**രികിലില്ലെങ്കിലും എവിടെയോ
തനിച്ചാക്കി പോയ തോന്നലുണ്ടെനിക്ക്...
വിരഹ നൊമ്പരങ്ങളാണെനിക്ക്...
ഇരുട്ടിന്റെ മറയത്ത് ഏകയായി
എന്നു തോന്നുന്നു...
വ്യക്തതയില്ലാത്ത ജീവനാളങ്ങൾ...
ചിതറിത്തെറിക്കുന്ന മുത്തുകൾ
ഒരിക്കലും കൂട്ടിച്ചേർക്കാൻ
കഴിയാത്തവിധം അകലെയായി നീ...
നിൻ ഹൃദയസ്പന്ദം എൻ...
കാതുകളിൽ മുഴങ്ങുന്നു...
എൻ നൊമ്പരം നീ അറിയുന്നില്ലേ...
ഞാൻ ഏകാകിയായത്തിൻ ചില്ലകൾ
സാക്ഷി...
എൻ വിരഹ വേദന സ്വപ്നമായി മാറിപ്പോയി...



# നമ്മളിടം



അൻസില സി.വി.
III DC Maths

ഓർമ്മകളുടെ പുസ്തകത്താളിൽ ഒരേട് കൂടി അടയാളപ്പെടുത്തപ്പെടുവാൻ മാസങ്ങൾ മാത്രമവശേഷിക്കുന്നു.പിന്നിലേക്ക് കണ്ണോടിക്കുമ്പോൾ മറവിയുടെ ഓരത്തു ചേർന്നു നടക്കുവാൻ വെമ്പൽ കൊള്ളുന്ന നിമിഷങ്ങൾ മാത്രമേയുള്ളൂ! അപരിചിതരായിരുന്ന ഒരുകൂട്ടം മനുഷ്യർ ഒത്തു ചേർന്നൊരിടം;നമ്മളിടം.പടിയിറങ്ങാൻ നാളുകളിനിയുമേറെ ബാക്കിയില്ലെന്ന് ഉൾക്കൊള്ളാൻ മനസ്സ് പാകപ്പെടുമോ? നീണ്ട ക്ലാസുകൾക്കിടയിലെ ഇടവേളകൾക്കായിരുന്നു കൂടുതൽ കയ്പ്പുള്ള മധുരമുള്ളത്.കഴിഞ്ഞ്പോയ ദിനങ്ങളോരോന്നും അയവിറക്കുമ്പോൾ അവിടെ പ്രിയപ്പെട്ടവരോടൊപ്പമുള്ള പൊടിപിടിച്ച നിമിഷങ്ങളുണ്ട്. നാളിന്നോളം നാം ഒരു പുഴയായൊഴുകി.കാലത്തിന്റെ കണക്കുപുസ്തകത്തിൽ ഇനി നാം കൈവഴികളായി നിലകൊള്ളേണ്ടതുണ്ട്.

ഓർമ്മകൾക്ക് നന്ദി ■



# ഞാൻ



നൗഫൽ ഖാൻ പി.എം.
II DC Hindi

ഓർമ്മകളുടെ ചെറുസാഗരത്തിൽ നീന്തിത്തുടിച്ചു കൊണ്ട് എന്റെ ജീവിതത്തെ എത്ര മനോഹരമാക്കാൻ ശ്രമിച്ചാലും ഒരിക്കലുമില്ല എന്ന് മനസ്സിലാക്കിയ ആ ചെറുപുഞ്ചിരി മനസ്സിൽ മായാതെ ഓർമ്മകളെ ഉയർത്തെഴുന്നേൽപ്പിക്കുയാണ്. ഓർമ്മയുടെയും ജീവിതത്തിന്റെയും യാത്ര മനോഹാരിതകൾ നിറഞ്ഞതാകിലും അതിനും പറയാനുണ്ട് ഒരു വലിയ സത്യം; ഞാൻ  ദു:ഖിതനാണ്, ഇത് പോലും നേരിൽ കാണാതെ മനസ്സ് നീങ്ങുമ്പോൾ പലരും നേരിൽ കണ്ടുകൊണ്ട് ആസ്വദിക്കുകയാണ്. ആസ്വാദനകൾ പലവിധത്തിൽ അതും എനിക്ക് പോലും അറിയാത്ത രീതിയാണ് പലരും ആസ്വദിക്കുന്നത്. ജീവിതത്തിൽ തോൽവികളും കുറ്റപ്പെടുത്തലുകളും നേരിൽ കണ്ടു കൊണ്ട് ഒരു ചെറുപുഞ്ചിരിയിലൂടെ എല്ലാവർക്കും വേണ്ടി ലോകത്തെ ധന്യമാക്കുകയാണ്. അതിൽ തൃപ്തരാകുന്നത് എന്നെ മനസ്സിലാക്കുന്നവർ എന്ന് മാത്രം. കുറ്റപ്പെടുത്തലുകളും കളിയക്കലുകളും വളരെയധികം നേരിട്ട ഒരു ജീവിതമിപ്പോൾ ഒരു ശ്മശാനമായി മാറിക്കൊണ്ട് അതിലെ മരണത്തെ പ്രതീക്ഷിച്ചു മാറി കിടക്കുന്ന മനുഷ്യരെ പോലെ എന്റെ ജീവിതം മുന്നോട്ട് നീങ്ങുകയാണ്. ഓരോ കാലംകഴിയുമ്പോളും പുതിയ മുഖങ്ങളെ കണ്ടിട്ടും പഴയ ജീവിതം തന്നെ എന്ന് മനസ്സിലാകുന്ന ആ വേളയിൽ മനസ്സിന്റെ മുറിപ്പാടുകൾ മറച്ചു കൊണ്ട് ഒരു ജീവച്ഛവം പോലെ എന്റെ ജീവിതം മുന്നോട്ടു പായുകയാണ്...







അൻസില
III DC Maths

# എന്നോട്

ആൾക്കൂട്ടത്തിലെ ഏകാന്തത വീർപ്പു മുട്ടിക്കുമ്പോൾ തീർത്തും എന്നോട് തന്നെ സംസാരിക്കുമ്പോൾ ഞാൻ ബാധ്യസ്ഥയാവാറുണ്ട്.ഇന്ന് അത്തരമൊരു ദിവസമായിരിക്കുന്നു.പുസ്തകങ്ങളെ ലൈബ്രറിയിലെ ഒഴിഞ്ഞ മൂലയിലേക്ക് അടുക്കി വച്ച്  പതിയെ വാട്സാപ്പിലെ "മൈ ചാറ്റ് ' തുറന്നു.എന്നെ അറിയാവുന്ന പുസ്തകങ്ങളെക്കാൾ,എന്നെ അറിയാവുന്ന 'ഞാൻ' അവിടെ രൂപപ്പെടാറുണ്ട്. ചാറ്റ്ബോക്സിലെ അക്ഷരങ്ങളിൽ ഞാൻ വിരലോടിച്ചു.

"ഏറ്റവും പ്രിയപ്പെട്ട നിന്നോട്;അല്ല എന്നോട്...." ഇനി എന്തെഴുതണം?തീർത്തും കള്ളമായ പ്രസ്ഥാവനയായിരുന്നില്ലേ അത്? ഏറ്റവും പ്രിയപ്പെട്ടതോ?! ഒരിക്കലുമല്ല.എനിക്കേറ്റവും പ്രിയപ്പെട്ടത് ഞാനായിരുന്നോ?അല്ല.എന്റെ പുസ്തകങ്ങൾ,വാക്കുകൾ,പ്രണയം,സായാഹ്നം,ഇരുട്ട്,ദുഃഖം,സൗഹൃദം, അങ്ങനെയങ്ങനെപ്രിയപ്പെട്ടവയിലൊന്നിലും ഞാനില്ലാതായിരിക്കുന്നു! തുറന്ന ചാറ്റ് ബോക്സിനെ ഞാൻ അടച്ചു വച്ചു. എന്നെക്കുറിച്ചെഴുതുമ്പോൾ മാത്രമുള്ള അക്ഷരക്ഷാമമെന്നെ വീണ്ടും തളർത്തിയിരിക്കുന്നു.ഏറ്റവും പ്രീയപ്പെട്ടതോ?!

# അമ്മയുടെ സ്നേഹസാഗരം



ഫർസാന കെ.
II DC Economics

അമ്മേ, നിൻ കരുണയുടെ
കുളിർ കാലവർഷധാരകൾ
സ്നേഹത്തിന്റെ അനന്ത വിസ്തൃതി
വാത്സല്യത്തിന്റെ തീരപ്രദേശങ്ങൾ
നിൻ വചനങ്ങൾ മഹാമന്ത്രോച്ചാരണങ്ങൾ
നിൻ നോട്ടം ദിവ്യാനുഗ്രഹാർബുദങ്ങൾ

അമ്മേ, നിൻ ത്യാഗത്തിന്റെ
മഹിമ നിറഞ്ഞ പുണ്യഭൂമിയിൽ
വേദനയുടെ കനൽക്കട്ടകൾ
സ്നേഹത്തിന്റെ തരംഗിത തീരങ്ങളായി
നിൻ ഓർമ്മകൾ സുധാസ്മൃതി സഞ്ചയങ്ങൾ
നിൻ പ്രാർത്ഥനകൾ ജീവശക്തി സ്ഫുരണങ്ങൾ
ജീവിതത്തിന്റെ വിശാല പഥങ്ങളിൽ
എൻ വഴികാട്ടി നീയാണ് മാർഗ്ഗദർശി

അമ്മേ, നിൻ സ്നേഹത്തിന്റെ
ആഴം കാണാത്ത വിസ്തൃത കടലുകൾ
നിൻ കരുണയുടെ
വറ്റാത്ത ജീവനീരുറവകൾ
നിൻ ഓർമ്മകൾ എന്റെ
ജീവിതത്തിന്റെ മാർഗ്ഗദീപ പ്രഭകൾ





നിഗാർ തബസ്സും കെ.കെ.
II DC History

# പ്രണയം

പ്രണയമേ നീ
എൻ ജീവിതത്താളിലെ
എരിയുന്നൊരോർമ്മകൾ മാത്രം
പ്രാണനായ് ഞാൻ കണ്ടു
സ്നേഹിച്ചതൊക്കെയും
ഇന്നൊരു പാഴ് വസ്തുവായി
ആർദ്രമാം ധനുമാസ
രാവിന്റെ ഓർമ്മകളിൽ
നീറി ഞാൻ ജീവിച്ചിരിപ്പൂ...

ഇനിയില്ലയെന്റെയീ
ജീവിത യാത്രയിൽ
പ്രണയമെന്നുള്ളൊരു
വാക്ക്
പ്രണയമേ നീ എന്റെ
ജീവിതത്താളിലെ
എരിയുന്നൊരോർമ്മകൾ
മാത്രം

# രാവിന്റെ തോഴി



ശിവപ്രിയ
III DC Chemistry

രാവിന്റെ തോഴീ നീ വന്നണയൂ
നിന്റെ അരുമകിടാങ്ങളുണർന്നീടട്ടെ
ഇരുളിന്റെ കോണിലെ കണ്ണു നീരൊപ്പുവാൻ
വന്നണയൂ പൊൻപ്രഭയായ്
പക എന്ന രണ്ടക്ഷരത്തിൻ മാറ്റ് കൂട്ടുന്നു
നിൻ പകൽ എന്ന നാമത്തിൻ ധ്വനികൾ

നിന്നുടെ വെളിച്ചത്തിൽ ലോകമാം ഭൂമിയിൽ
നിറയുന്നു പകരുന്നു പുഞ്ചിരികൾ
കാണുന്നു കേൾക്കുന്നു പലതുമേ നിന്നെ
സാക്ഷിയായ് മുൻ നിർത്തി ഈ ഭൂമിയിൽ
കണ്ണുനീരൊപ്പുവാൻ നിന്നുടെ കൈകളും
പുഞ്ചിരി തൂകുവാൻ നിൻപ്രഭയും
നിന്നെ വാഴ്ത്തുന്നൊരീ ലോകത്തിനോടിന്നു
ഇരുളലകളെന്തേ പിണക്കമായോ?
ഇരുളിന്റെ മറവിലെ കാണാക്കാഴ്ചകൾക്കാസക്തി
നല്കുന്നു നിൻ പ്രഭകൾ

രാത്രിതൻ വിരുന്നുകാരാം പൊൻ ബിംബവും
താരക കുഞ്ഞുങ്ങളും നിൻ മറവിൽ
തല ചായ്ച്ചുറങ്ങീടുന്നോ?
ലോകമാതാവിന്റെ ഭംഗിയും ശാന്തിയും
നിന്റെ ബിംബത്തിൽ പതിഞ്ഞീടുന്നു
ക്ഷീണമായ് തേങ്ങിക്കരഞ്ഞു മയങ്ങുന്ന
പൈതങ്ങളെ ഉണരൂ നിങ്ങൾ
വെളിച്ചത്തിൻ പാതയിതാ തുറന്നിരിപ്പൂ
വെളിച്ചം ദുഖമല്ലെന്നുള്ളതും
വെളിച്ച ശുഭപ്രതീക്ഷയുടെ പടികളാണെന്നും നീ
ഓർത്തു കൊൾക

ആക്രമിയായ മനുഷ്യാ നീ ഓർക്കുക
നിൻ നിഴലായ് പകലിന്റെ കണ്ണുകൾ കാത്തിരിപ്പൂ
ഉണരൂ .. ഉണരൂ മനുഷ്യരെ നിങ്ങൾ
കൺ തുറക്കൂ കാണൂ പൊൻവസന്തം
കൺ തുറക്കൂ കാണൂ പൊൻവസന്തം



അപർണ എ.
II MSc Maths

# കോടതി വിധി



ഇരുൾ മൂടിയ ജീവിതത്തിൻ
നിലയ്ക്കാത്ത ഭയപ്പെടുത്തലുകൾ
ഉറക്കമില്ലാത്ത രാത്രികൾ തൻ
വറ്റാത്ത കണ്ണുനീർ ചാലുകളും

ശ്വാസം മുട്ടിക്കും ഓർമകൾതൻ
നഗ്നമായുള്ളോരാ ചിത്രങ്ങളും
എല്ലാത്തിന്നുമവസാനമായ്
നാളത്തെ കോടതി വിധി.

പിടയുന്ന നെഞ്ചിന്റെ ഹൃദയതാളം
കാതടപ്പിക്കുന്ന ശബ്ദമായി
നീതിക്കു വെറിപൂണ്ട മനസ്സിൻ ദാഹം
ദീർഘിപ്പിക്കുന്നൊരീ രാത്രിയേയും

കാമത്തിൻ മൂർച്ഛഭാവം
മുള്ളാണിയായി അമർന്നുകേറി
രക്തക്കറപുരണ്ട തുടകളുരസി
ഹൃദയം നിലച്ചുപോയ രാത്രി

കാപട്യമറിയാത്ത മനസ്സിൻ നൈർമല്യം
പ്രേമത്തിൻ ഭാഷയാൽ കവർന്നെടുത്തു
നഗ്നമായ് ഉപേക്ഷിച്ചു കടന്നുകള
ഞ്ഞോരാ രാക്ഷസജന്മത്തിനു മറുപടി !


നാളെയെൻ ഇരുൾ മാഞ്ഞീടും
പകൽവെളിച്ചമതിൽ വേരൂന്നും
മാറിന്റെ ഭാരിച്ച എങ്ങലുകൾ
നാളെയൊരൽപം കുറഞ്ഞീടും.

കോമ്പല്ലുകൾ കൊണ്ട്
മുറിഞ്ഞോരു ചുണ്ടുകൾ
കണ്ണുനീർ വറ്റിയ ജീർണ്ണിച്ച കണ്ണുകൾ
വെട്ടി നുറുക്കിയൊരാമുടിയിഴകളും
നാളെ പുതുതായ് മിടിച്ചീടും
അന്ധകാരം നിറഞ്ഞൊരു ജീവിതത്തിൽ
പകൽവെളിച്ചമിനി വഴികാട്ടും
വീണ്ടും മന്ദഹാസം പൊഴിച്ചീടും ഞാൻ
പിഴച്ച പെണ്ണിൻ പ്രതികാരം പോൽ !

ഓർമ്മ



ഡോ. ദേവകിക്കുട്ടി പി. കെ.
Dept. of Malayalam



# നിളയുടെ കഥാകാരൻ

മലയാള നോവൽ ചെറുകഥാ സാഹിത്യത്തിന് ദാർശനികമായ അടിത്തറ നല്കിയ പ്രതിഭാശാലിയാണ് മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നായർ. ഒരു ഇന്ത്യൻ എഴുത്തുകാരൻ, പ്രഭാഷകൻ, തിരക്കഥാകൃത്ത്, ചലച്ചിത്ര നിർമാതാവ്, സാഹിത്യ രാഷ്ട്ര തന്ത്രജ്ഞൻ എന്നീ നിലകളിൽ പ്രശസ്തനായ എം. ടി. വാസുദേവൻ നായർ മലയാള സാഹിത്യത്തിലെ ബഹുമുഖ പ്രതിഭയാണ്.

ഭാരതപ്പുഴയുടെ തീരത്തുള്ള കൂടല്ലൂർ എന്ന ഗ്രാമത്തിന്റെ പശ്ചാത്തലമാണ് എം. ടി. യുടെ ഭൂരിഭാഗം കഥകളിലുമുള്ളത്. മാറിയ സാമൂഹിക വ്യവസ്ഥിതിയിൽ തറവാടുകളുടെ തകർച്ചയും വ്യക്തി ബന്ധങ്ങളിലെ വിള്ളലുകളും അദ്ദേഹം തന്മയത്വത്തോടെ ചിത്രീകരിച്ചു.

ഭീമസേനന്റെ വീക്ഷണകോണിൽ നിന്ന് മഹാഭാരത കഥയെ 'രണ്ടാമൂഴം' എന്ന നോവലിലൂടെ അദ്ദേഹം പുന

> “
> **നിളയുടെ ചുറ്റുമുള്ള ജീവിതങ്ങളാണ് എം. ടി. തന്റെ രചനയിലുടനീളം രേഖപ്പെടുത്തിയിരിക്കുന്നതെന്ന് കാണാം. അതിനാൽ തന്നെ അദ്ദേഹം നിളയുടെ കഥാകാരൻ എന്നറിയപ്പെടുന്നു.**




രാവിഷ്കരിക്കുന്നു. 2010 വയസ്സിൽ ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂൺ, ഹിന്ദുസ്ഥാൻ ടൈംസ്, മാതൃഭൂമി എന്നീ മാസികകൾ സംയുക്തമായി സംഘടിപ്പിച്ച ലോക ചെറുകഥാ മത്സരത്തിൽ 'വളർത്തു മൃഗങ്ങൾ' എന്ന കഥയ്ക്ക് മലയാളത്തിലെ ഏറ്റവും മികച്ച ചെറുകഥയ്ക്കുള്ള സമ്മാനം ലഭിച്ചു. നായർ തറവാടുകളുടെ, കേരളത്തിലെ മരുമക്കത്തായ സമ്പ്രദായത്തിൽ തകർച്ചയുടെ കഥ പറയുന്ന നാലുകെട്ടിന്(23 വയസ്സിൽ) കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. കേരളത്തിലെ പരമ്പരാഗത തറവാടുകളെ അടിസ്ഥാനമാക്കിയുള്ള അദ്ദേഹത്തിന്റെ മറ്റ് നോവലുകൾ അസുരവിത്ത്, കാലം എന്നിവയാണ്. ഓളവും തീരവും, കുട്ട്യേടത്തി, കാഥികന്റെ പണിപ്പുര, മഞ്ഞ്, ഷെർലക്ക് ഹോംസ് തുടങ്ങി നിരവധി വിഖ്യാത കഥകൾ അദ്ദേഹം രചിച്ചു.

തന്റെ വൈകാരികാനുഭവങ്ങളാണ് അദ്ദേഹം തന്റെ രചനകളിലൂടെ രേഖപ്പെടുത്തുന്നത്. എം. ടി.യുടെ രചനകളിലെല്ലാം തന്നെ കേരളീയ കുടുംബ വ്യവസ്ഥിതിയും, കേരള സംസ്കാരവും പാരമ്പര്യങ്ങളും വിളിച്ചോതുന്നവയാണ്. നിളാനദിയെയും ചുറ്റുമുള്ള പരിസര പ്രദേശങ്ങളെയും കുറിച്ച് അദ്ദേഹം പലപ്പോഴായി എഴുതിയ ലേഖനങ്ങൾ 'കണ്ണാന്തളി പൂക്കളുടെ കാലം' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിളയുടെ ചുറ്റുമുള്ള ജീവിതങ്ങളാണ് എം. ടി. തന്റെ രചനയിലുടനീളം രേഖപ്പെടുത്തിയിരിക്കുന്നതെന്ന് കാണാം. അതിനാൽ തന്നെ അദ്ദേഹം നിളയുടെ കഥാകാരൻ എന്നറിയപ്പെടുന്നു.

'നിർമാല്യം' എന്ന ചിത്രം സംവിധാനം ചെയ്തുകൊണ്ട് സംവിധായകനായി അരങ്ങേറ്റം കുറിച്ച് എം. ടി. ആ ചിത്രത്തിലൂടെ മികച്ച ചലച്ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടി. ചരിത്രത്തെയും പുരാണങ്ങളെയും വേറിട്ട വീക്ഷണത്തിലൂടെ അവതരിപ്പിച്ച ഒരു വടക്കൻ വീരഗാഥ, പഴശ്ശിരാജ, പെരുന്തച്ചൻ തുടങ്ങിയ സിനിമകളുടെ തിരക്കഥകൾ ഏറെ ചർച്ച ചെയ്യപ്പെട്ടവയാണ്.

മലയാള സാഹിത്യത്തിന് നൽകിയ സമഗ്ര സംഭാവനയ്ക്ക് 1995 ൽ ഇന്ത്യയിലെ ഏറ്റവും ഉയർന്ന സാഹിത്യ പുരസ്കാരമായ ജ്ഞാനപീഠവും 2005 ൽ ഇന്ത്യയിലെ മൂന്നാമത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ പദ്മഭൂഷണും അദ്ദേഹത്തിന് നൽകി രാജ്യം ആദരിച്ചു. 2024 ഡിസംബർ 25 ന് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

മാതൃഭൂമി പത്രാധിപർ, കേരള സാഹിത്യ അക്കാദമി അധ്യക്ഷൻ, തുഞ്ചൻ സ്മാരക സമിതി അധ്യക്ഷൻ എന്നീ പദവികളും അദ്ദേഹം അലങ്കരിച്ചു. കേരള സാഹിത്യ അക്കാദമി അവാർഡ്, മികച്ച ചലച്ചിത്രത്തിനുള്ള ദേശീയ പുരസ്കാരം, മികച്ച തിരക്കഥയ്ക്കുള്ള ദേശീയ പുരസ്കാരം, മികച്ച തിരക്കഥയ്ക്കുള്ള കേരള സംസ്ഥാന പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം, ജെ. സി. ഡാനിയേൽ പുരസ്കാരം, നാലപ്പാടാൻ അവാർഡ്, ദേശാഭിമാനി സാഹിത്യ പുരസ്കാരം എന്നിവയെല്ലാം അദ്ദേഹത്തെ തേടിയെത്തി.

എം. ടി. യുടെ രചനകൾ ഇന്നും കാലത്തെ അതിജീവിച്ച് നിലനിൽക്കുന്നത് അദ്ദേഹത്തിന്റെ ലളിതവും എന്നാൽ ഹൃദയസ്പർശിയുമായ ഭാഷാശൈലിയാണെന്ന് നിസ്സംശയം പറയാം. ഈ ഭാഷാ ശൈലിയും നിളാ തീരവും വായനക്കാരന്റെ മനസ്സിൽ ഗൃഹാതുരസ്മരണകൾ ഉണർത്തുന്നു. മലയാളികൾ നെഞ്ചേറ്റുന്ന ഒട്ടനവധി കഥാപാത്രങ്ങളെ സൃഷ്ടിച്ച എം. ടി. കാലദേശാതിവർത്തിയായി വായനക്കാരന്റെ മനസ്സിൽ പൂർണ്ണചന്ദ്രനെ പോൽ വിളങ്ങുന്നു.

"നഷ്ടപ്പെട്ട നല്ല നാളുകളെ
നിങ്ങളുടെ കുഴിമാടത്തിനു
മുമ്പിൽ കണ്ണീർ കൊണ്ട്
പുഷ്പാർച്ചന ചെയ്യട്ടെ"■

# Democracy

We stand in lines, we cast our vote,
Our fingers marked, our loudest note.
Flags go up, and slogans fly,
"For the people!" echoes to the sky.

Debates trend fast, a hundred takes,
News breaks loud, and truth sometimes breaks.
We tweet, we post, we argue all night,
Five voices speak, and each claims right.

The ballot's free, the choice is ours,
But power plays behind closed doors.
We cheer for change, we fear the cost,
In noise so loud, some voices get lost.

Still, in the crowd, a chai-stall talk,
A student march, a farmer's walk -
That stubborn hope refuses to die,
That we still matter. You and I.

Democracy nowadays isn't perfect, it's loud,
It's messy, flawed, and sometimes proud.
But if we stay awake, and question, and care -
Maybe the people's voice is still there.





Muhammed Rasal
I DC English

# ആൽമരത്തിന്റെ സാക്ഷ്യം



ഋതുവർണ കെ.
II DC Chemistry

കോളേജിന്റെ പ്രധാന കവാടത്തിനരികിൽ ഒരു നൂറ്റാണ്ട് പഴക്കമുള്ള ആൽമരമുണ്ടായിരുന്നു. പുതിയതായി വരുന്ന ഓരോ വിദ്യാർത്ഥിയും അതിന്റെ തണലിലൂടെ നടക്കും. പഠനം പൂർത്തിയാക്കി പോകുന്നവരും അവസാനമായി അതിന്റെ ചുവട്ടിൽ നിന്ന് ഒരു ഫോട്ടോയെങ്കിലും എടുത്ത ശേഷമേ മടങ്ങാറുള്ളൂ.

ആർക്കും അറിയില്ലായിരുന്നുആ ആൽമരം മനുഷ്യരുടെ മുഖം മറന്നാലും അവരുടെ കഥകൾ ഒരിക്കലും മറക്കാറില്ലെന്ന്.

ഒരു ജൂൺ മാസം.

പുതിയ വിദ്യാർത്ഥികളുടെ പ്രവേശന ദിവസം. ആൽമരത്തിന്റെ തണലിൽ നിന്നുകൊണ്ട് ഒരു പെൺകുട്ടി കരയുകയായിരുന്നു. അവളുടെ പേര് ദേവിക. ഒരു കർഷക കുടുംബത്തിൽ നിന്നുള്ള മിടുക്കിയായ വിദ്യാർത്ഥിനി. പ്ലസ് ടുവിൽ മികച്ച മാർക്ക് നേടിയെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം പഠനം ഉപേക്ഷിക്കേണ്ടി വരുമോ എന്ന ഭയത്തിലായിരുന്നു.

'മോളേ...'

അവളുടെ അച്ഛൻ ശാന്തമായി പറഞ്ഞു.

'എനിക്ക് ഒന്നും തരാൻ കഴിയില്ല. പക്ഷേ ഒരു കാര്യം ഞാൻ തരാം.'

അദ്ദേഹം തന്റെ പഴയ കൈവാച്ച് അഴിച്ച് അവളുടെ കൈയിൽ കെട്ടി.

'സമയം വിലമതിക്കാൻ പഠിക്കൂ. അതാണ് ജീവിതത്തിലെ ഏറ്റവും വലിയ സമ്പത്ത്.'

ദേവികയുടെ കണ്ണുകൾ നിറഞ്ഞു.

കോളേജ് ജീവിതം തുടങ്ങി. എല്ലാവരും പുതിയ സുഹൃത്തുക്കളെ കണ്ടെത്തുമ്പോൾ ദേവിക പഠനത്തിലും ലൈബ്രറിയിലും മാത്രം മുഴുകി. അവൾക്ക് ദിവസവും ബസിൽ മൂന്ന് മണിക്കൂർ യാത്ര. വീട്ടിലെത്തിയാൽ അമ്മയെ കൃഷിപ്പണിയിൽ സഹായിക്കണം. രാത്രിയിൽ മാത്രമാണ് പഠിക്കാൻ സമയം കിട്ടാറുള്ളത്. എങ്കിലും ഒരു പരാതിയും അവൾക്കുണ്ടായിരുന്നില്ല.

ഒരു ദിവസം കോളേജിൽ 'ഇന്നൊവേഷൻ ചലഞ്ച്' പ്രഖ്യാപിച്ചു. വിജയിക്കുന്ന ടീമിന് ദേശീയതല മത്സര



ത്തിൽ പങ്കെടുക്കാൻ അവസരം. ദേവിക ആവേശത്തോടെ പേര് നൽകി. പക്ഷേ ടീമുകൾ രൂപീകരിക്കുമ്പോൾ ആരും അവളെ കൂട്ടത്തിലാക്കിയില്ല.

'ഇവൾക്ക് ഇംഗ്ലീഷ് അത്ര അറിയില്ല.'

'പ്രസന്റേഷൻ ചെയ്യാൻ പറ്റില്ല.നമുക്ക് മാർക്ക് പോകും.'

അവൾ നിശ്ശബ്ദമായി പിന്മാറി. ആ രാത്രി ആൽമരത്തിന്റെ ചുവട്ടിൽ ഇരുന്ന് അവൾ കരഞ്ഞു. അവിടെ ക്യാമ്പസ് വൃത്തിയാക്കുന്ന വയോധികനായ രാമേട്ടൻ എത്തി.

'മോളേ, എന്തിനാണ് കരയുന്നത്?'

ദേവിക എല്ലാം പറഞ്ഞു.

രാമേട്ടൻ ചിരിച്ചു.

'ഒരു വിത്ത് മണ്ണിനടിയിൽ ഒറ്റയ്ക്കാണ് വളരുന്നത്. മരമാകുമ്പോഴാണ് എല്ലാവരും അതിന്റെ തണൽ തേടുന്നത്.'

ആ വാക്കുകൾ അവൾക്ക് പുതിയ ധൈര്യം നൽകി. അടുത്ത ദിവസം മുതൽ അവൾ ഒറ്റയ്ക്ക് തന്നെ ഒരു പ്രൊജക്ട് തയ്യാറാക്കാൻ തുടങ്ങി. ഗ്രാമങ്ങളിലെ കർഷകർക്ക് മഴ, മണ്ണിന്റെ ഈർപ്പം, വിളകളുടെ ആരോഗ്യം എന്നിവ മനസ്സിലാക്കാൻ സഹായിക്കുന്ന കുറഞ്ഞ ചെലവിലുള്ള ഒരു സംവിധാനം. ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ വായിച്ചു. യൂട്യൂബ് കണ്ടു പഠിച്ചു. രാത്രികൾ ഉറങ്ങാതെ ജോലി ചെയ്തു. പല പരീക്ഷണങ്ങളും പരാജയപ്പെട്ടു. പക്ഷേ അവൾ നിർത്തിയില്ല. മത്സര ദിവസം എത്തി.

വലിയ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ ആധുനിക ഉപകരണങ്ങളുമായി എത്തിയിരുന്നു. ദേവികയുടെ കൈയിൽ ചെറിയൊരു മാതൃക മാത്രം. പലരും അവളെ നോക്കി പുഞ്ചിരിച്ചു. പക്ഷേ അവതരണം തുടങ്ങിയപ്പോൾ അവളുടെ ശബ്ദത്തിൽ ആത്മവിശ്വാസമുണ്ടായിരുന്നു.

'ഈ പ്രോജക്ട് ഒരു മത്സരത്തിനുവേണ്ടിയല്ല. എന്റെ അച്ഛനെപ്പോലുള്ള കർഷകർക്കുവേണ്ടിയാണ്.'

ഹാളിൽ നിശ്ശബ്ദത പടർന്നു. അവൾ തന്റെ ആശയം വിശദീകരിച്ചു. വിധികർത്താക്കൾ നിരവധി ചോദ്യങ്ങൾ ചോദിച്ചു. അവൾ ഓരോന്നിനും വ്യക്തമായി മറുപടി നൽകി.

വൈകുന്നേരം ഫലം പ്രഖ്യാപിച്ചു.

ഒന്നാം സമ്മാനം... ദേവിക.

ആരും പ്രതീക്ഷിച്ചില്ല.

സ്റ്റേജിലേക്ക് കയറുമ്പോൾ അവളുടെ കണ്ണുകൾ ആദ്യം അന്വേഷിച്ചത് അച്ഛനെയായിരുന്നു. അദ്ദേഹം അവസാന നിരയിൽ നിന്നുകൊണ്ട് കൈയടിക്കുകയായിരുന്നു. അവളുടെ കൈയിലെ പഴയ വാച്ച് അപ്പോഴും പ്രവർത്തിച്ചുകൊണ്ടിരുന്നു.

അഞ്ച് വർഷങ്ങൾക്കുശേഷം... അതേ കോളേജിൽ പുതിയ ഗവേഷണ കേന്ദ്രം ഉദ്ഘാടനം ചെയ്തു. അതിന്റെ പേര് 'കർഷക ഇന്നൊവേഷൻ സെന്റർ.'

ഉദ്ഘാടനം നിർവഹിക്കാൻ എത്തിയ അതിഥി ഡോ. ദേവിക. ഇപ്പോൾ രാജ്യത്തെ പ്രശസ്ത ഗവേഷക. അവൾ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

'എന്റെ ആദ്യ ലാബ് ഈ കോളേജിലെ ലൈബ്രറിയായിരുന്നു. ആദ്യ പ്രചോദനം എന്റെ അച്ഛൻ. ആദ്യ അധ്യാപകൻ ജീവിതം. ആദ്യ സുഹൃത്ത് ഈ ആൽമരം.'

എല്ലാവരും അതിശയിച്ചു. പ്രസംഗം കഴിഞ്ഞ ശേഷം അവൾ ആൽമരത്തിന്റെ ചുവട്ടിലേക്ക് നടന്നു. അവിടെ രാമേട്ടൻ ഇല്ലായിരുന്നു. അദ്ദേഹം കുറച്ചു വർഷങ്ങൾക്ക് മുമ്പ് അന്തരിച്ചിരുന്നു. പക്ഷേ അദ്ദേഹം പറഞ്ഞ വാക്കുകൾ ഇന്നും കാറ്റിൽ മുഴങ്ങുന്നുണ്ടായിരുന്നു.

'ഒരു വിത്ത് ഒറ്റയ്ക്കാണ് വളരുന്നത്...'

അന്ന് വൈകുന്നേരം ഒരു ഒന്നാം വർഷ വിദ്യാർത്ഥിനി ആൽമരത്തിന്റെ ചുവട്ടിൽ വിഷമിച്ചി രിക്കുകയായിരുന്നു. ദേവിക അവളുടെ അടുത്തേക്ക് നടന്നു.

'എന്താണ് വിഷമം?'

'എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ലെന്ന് എല്ലാവരും പറയുന്നു.'

ദേവിക പുഞ്ചിരിച്ചു.

'ആ വാക്കുകൾ വിശ്വസിക്കരുത്.'

അവൾ സ്വന്തം കൈയിലെ പഴയ വാച്ച് അഴിച്ച് ആ വിദ്യാർത്ഥിനിയുടെ കൈയിൽ കെട്ടി.

'ഇത് വിലയേറിയതല്ല. പക്ഷേ ഇതിൽ എന്റെ അച്ഛന്റെ സ്വപ്നമുണ്ട്. ഇനി അത് നിന്റെ സ്വപ്നത്തിനൊപ്പം നടക്കട്ടെ.'

വിദ്യാർത്ഥിനിയുടെ കണ്ണുകളിൽ പുതിയൊരു പ്രകാശം തെളിഞ്ഞു.

ആൽമരം വീണ്ടും നിശ്ശബ്ദമായി നിന്നു. അതിന്റെ ഇലകൾ കാറ്റിൽ പതുക്കെ ആടിക്കൊണ്ടിരുന്നു.മറ്റൊരു കഥ കൂടി അതിന്റെ ഓർമ്മകളിലേക്ക് ചേർന്നു. വർഷങ്ങൾ കഴിഞ്ഞാലും ആ കഥ ആരും ഓർക്കാതിരിക്കാം.

പക്ഷേ ആ കഥയിൽ നിന്ന് പ്രചോദനം നേടിയ ജീവിതങ്ങൾ എന്നും മുന്നോട്ട് നടക്കും.



യുവാക്കളെ,
രാഷ്ട്രം നിങ്ങളെയാണ്
നോക്കുന്നത്....
ഉണരൂ... എഴുന്നേൽക്കൂ....
ലക്ഷ്യം നേടുന്നതു വരെ
നിൽക്കരുത്...

**എ.പി.ജെ.അബ്ദുൾ കലാം**

# നിഴലിൽ നിന്ന് വെളിച്ചത്തിലേക്ക്



അരുന്ധതി ബോസ്
II DC Chemistry

കോളേജിന്റെ പഴയ കെട്ടിടത്തിന് ഒരു പ്രത്യേക ഭംഗിയുണ്ടായിരുന്നു. ചുവന്ന കല്ലുകൾ കൊണ്ട് പണിത ആ കെട്ടിടം ഒരുപാട് തലമുറകളുടെ ചിരിയും കരച്ചിലും വിജയവും പരാജയവും സാക്ഷ്യം വഹിച്ചിരുന്നു. ഓരോ ജനലിനും ഓരോ കഥ പറയാനുണ്ടെന്ന പോലെ തോന്നും.

ആ കോളേജിലേക്ക് ഒന്നാം വർഷ വിദ്യാർത്ഥിനിയായി എത്തിയതായിരുന്നു അനഘ. പഠനത്തിൽ മിടുക്കിയാണെങ്കിലും സംസാരിക്കാൻ വളരെ മടിയുള്ളവൾ. ക്ലാസിൽ എല്ലാവരും കൂട്ടുകൂടുമ്പോൾ അവൾ ലൈബ്രേറിയുടെ ഒരു മൂലയിലിരുന്ന് പുസ്തകങ്ങൾ വായിക്കുകയായിരുന്നു.

'നീ എപ്പോഴും ഒറ്റയ്ക്കാണല്ലോ?'ഒരുദിവസം ലൈബ്രേറിയൻ ചോദിച്ചു. അനഘ ചിരിച്ചു. 'എനിക്ക് പുസ്തകങ്ങളാണ് ഏറ്റവും നല്ല കൂട്ടുകാർ'ലൈബ്രേറിയൻ ഒന്നും പറഞ്ഞില്ല. പകരം ഒരു പഴയ ഡയറി അവളുടെ കൈയിൽ കൊടുത്തു.'ഇത് ആരോ വർഷങ്ങൾക്കു മുമ്പ് ഇവിടെ മറന്നുപോയതാണ്. ആരും അന്വേഷിച്ചില്ല. വായിക്കാൻ ഇഷ്ടമാണെങ്കിൽ വായിച്ചോളൂ.' ആ രാത്രി ഹോസ്റ്റൽ മുറിയിൽ ഇരുന്ന് അവൾ ഡയറി തുറന്നു. ആദ്യ പേജിൽ എഴുതിയിരുന്നത്

'ജീവിതത്തിൽ എല്ലാവർക്കും ഒരു സ്വപ്നമുണ്ട്. പക്ഷേ സ്വപ്നങ്ങളെക്കാൾ വലിയതാണ് അവയെ പിന്തുടരാനുള്ള ധൈര്യം.'അത് എഴുതിയത് അഭിനവ് എന്ന വിദ്യാർത്ഥിയായിരുന്നു. പതിനഞ്ച് വർഷങ്ങൾക്ക് മുമ്പ് അതേ കോളേജിൽ പഠിച്ച ഒരാൾ. ഡയറിയിലെ ഓരോ പേജും ഒരു ജീവിതയാത്രയായിരുന്നു. അഭിനവ് ഒരു സാധാരണ കുടുംബത്തിൽ നിന്നായിരുന്നു. പഠിക്കാൻ വലിയ സൗകര്യങ്ങളൊന്നുമില്ല. രാത്രിയിൽ ചെറിയ ജോലികൾ ചെയ്താണ് പഠനച്ചെലവ് കണ്ടെത്തിയത്. പലപ്പോഴും വിശന്ന വയറുമായിട്ടാണ് ക്ലാസിൽ ഇരുന്നത്. പക്ഷേ ഒരിക്കലും സ്വപ്നങ്ങൾ ഉപേക്ഷിച്ചില്ല.

ഒരു ദിവസം അദ്ദേഹം എഴു



തിയിരുന്നു 'വിശപ്പ് ശരീരത്തി
നാണ്. സ്വപ്നങ്ങൾക്ക് ഒരിക്ക
ലും വിശപ്പില്ല. അവയ്ക്ക് വേണ്ട
ത് പ്രതീക്ഷ മാത്രമാണ്.' ആ
വാക്കുകൾ അനഘയുടെ മന
സ്സിൽ ആഴത്തിൽ പതിഞ്ഞു.
അടുത്ത ദിവസങ്ങളിൽ അവൾ
ഓരോ രാത്രിയും ആ ഡയറി
വായിച്ചു. അതിൽ കോളേജ് ജീ
വിതത്തിലെ ചെറിയ ചെറിയ
അനുഭവങ്ങളുണ്ടായിരുന്നു.
മഴയിൽ നനഞ്ഞ് ക്ലാസിലെ
ത്തിയ ദിവസം. സുഹൃത്തുക്ക
ളുമായി ചായ കുടിച്ച സായാ
ഹ്നം. പരീക്ഷയിൽ പരാജയപ്പെ
ട്ട ശേഷം വീണ്ടും എഴുന്നേറ്റ
നിമിഷം. അധ്യാപകരിൽ നിന്ന്
ലഭിച്ച പ്രോത്സാഹനം. ആദ്യ
മായി സ്റ്റേജിൽ സംസാരിച്ച
അനുഭവം. ഒരു പേജിൽ ഇങ്ങ
നെ എഴുതിയിരുന്നു 'ജീവിതം
നമ്മെ തോൽപ്പിക്കുന്നില്ല.
നമ്മൾ തന്നെയാണ് തോൽവി
സമ്മതിക്കുന്നത്.'

അനഘയ്ക്ക് തന്റെ
ജീവിതം മാറിത്തുടങ്ങുന്നതാ
യി തോന്നി. മുൻപ് ക്ലാസിൽ
ചോദ്യം ചോദിക്കാൻ പോലും
മടിച്ചിരുന്ന അവൾ, ഇപ്പോൾ
ചെറിയ സംശയങ്ങൾ പോലും
തുറന്ന് ചോദിക്കാൻ തുടങ്ങി.

ഒരു ദിവസം കോളേ
ജിൽ പ്രസംഗമത്സരം നടന്നു.
സുഹൃത്തുക്കൾ അവളെയും
പേര് രജിസ്റ്റർ ചെയ്യാൻ നിർബ
ന്ധിച്ചു.

'എനിക്ക് കഴിയില്ല.'

'ശ്രമിക്കാതെ എങ്ങനെ
അറിയാം?'

അവൾ സ്റ്റേജിൽ കയറി.

കൈകൾ വിറയ്ക്കുന്നു
ണ്ടായിരുന്നു.

പക്ഷേ ഡയറിയിലെ
ഒരു വരി ഓർമ്മ വന്നു

'ഭയത്തിന് അപ്പുറമാണ്
വിജയത്തിന്റെ ആദ്യപടി.'

അവൾ സംസാരിച്ചു.

വലിയ പ്രസംഗമൊന്നു
മായിരുന്നില്ല.

പക്ഷേ ഹൃദയത്തിൽ നി
ന്നുള്ള വാക്കുകളായിരുന്നു.

അവസാനം മുഴുവൻ
ഹാളും കൈയടിച്ചു.

ആദ്യമായി അവൾക്ക്
മനസ്സിലായിസ്വന്തം ശബ്ദം
കേൾപ്പിക്കുന്നതും ഒരു വിജയ
മാണെന്ന്.

കാലം മുന്നോട്ട് പോയി.

രണ്ടാം വർഷം.

മൂന്നാം വർഷം.

അനഘ ഇപ്പോൾ കോ
ളേജിലെ സജീവ വിദ്യാർത്ഥിനി
യായിരുന്നു. മാഗസിൻ എഡി
റ്റോറിയൽ ടീമിലും, എൻ.എ
സ്.എസ് യൂണിറ്റിലും, വിവിധ
പരിപാടികളിലും അവൾ പങ്കെ
ടുത്തു. എന്നാൽ ആ ഡയ
റിയുടെ ഉടമ ആരാണെന്ന്
കണ്ടെത്താൻ കഴിഞ്ഞില്ല. ഒരു
ദിവസം പഴയ അലുമ്നി മീറ്റ്
നടന്നു.

അവിടെ ഒരു പ്രമുഖ ശാ
സ്ത്രജ്ഞൻ മുഖ്യാതിഥിയായി
എത്തി.

അവരുടെ പേര് വിളിച്ച
പ്പോൾ അനഘ ഞെട്ടി.

ഡോ. അഭിനവ്
മേനോൻ.

അവൾ ഉടൻ ഡയറി
എടുത്ത് അദ്ദേഹത്തെ സമീ
പിച്ചു.

'സാർ... ഇത് നിങ്ങളുടേ
താണോ?'

അദ്ദേഹം ഡയറി തുറ
ന്നു.

ആദ്യ പേജ് കണ്ടപ്പോൾ
കണ്ണുകൾ നിറഞ്ഞു.

ഇത്... ഞാൻ മറന്നു
പോയതല്ല.'

'അപ്പോൾ?'

'ഞാൻ മനപ്പൂർവ്വം
ഇവിടെ വെച്ചതാണ്.'

അനഘ അതിശയിച്ചു.

'എന്തിന്?'

അദ്ദേഹം പുഞ്ചിരിച്ചു.

'എന്നെപ്പോലെ ഒരാൾ
ക്ക് ഇത് ഒരുദിവസം സഹായി
ക്കുമെന്ന വിശ്വാസം ഉണ്ടായി
രുന്നു.'

'സാർ... അത് സംഭവി
ച്ചു.'

അവൾ തന്റെ ജീവിത
ത്തിലെ മാറ്റങ്ങൾ എല്ലാം പറ
ഞ്ഞു.ഡോക്ടർ അഭിനവ് കു
റച്ചു നേരം മിണ്ടാതെ നിന്നു.
ശേഷം പറഞ്ഞു

'ഒരു പുസ്തകം മനുഷ്യ
നെ മാറ്റും എന്ന് എല്ലാവരും
പറയുന്നു. പക്ഷേ ചിലപ്പോൾ
ഒരു ഡയറിയും ജീവിതം മാറ്റും.'

ആ വാക്കുകൾ കേട്ട
പ്പോൾ അനഘയുടെ കണ്ണുക
ളും നിറഞ്ഞു.

അഞ്ച് വർഷങ്ങൾക്കു
ശേഷം...

അനഘ അതേ കോ
ളേജിലേക്ക് അതിഥിയായി
എത്തി.

അവൾ ഇപ്പോൾ ഒരു
അധ്യാപികയായിരുന്നു.

പ്രസംഗം കഴിഞ്ഞ
പ്പോൾ ഒരു വിദ്യാർത്ഥിനി അവ
ളുടെ അടുത്തുവന്നു.

'ചേച്ചി... എനിക്ക് ആത്മ
വിശ്വാസം കുറവാണ്.'

അനഘ ചിരിച്ചു.

ബാഗിൽ നിന്ന് ഒരു
പുതിയ ഡയറി എടുത്തു.

ആദ്യ പേജിൽ അവൾ
എഴുതിയിരുന്നു

'ജീവിതം ഒരിക്കലും
എല്ലാവർക്കും ഒരുപോലെയ
ല്ല. പക്ഷേ പരിശ്രമിക്കുന്നവ
രെ ജീവിതം ഒരിക്കലും കൈവി
ടില്ല. നിന്റെ സ്വപ്നങ്ങളെ മറ്റാ
രും ചെറുതാക്കാൻ അനുവദി
ക്കരുത്. നീ വിശ്വസിക്കുന്ന നാ
ളെയാണ് നിന്റെ ഭാവി.'

ആ ഡയറി അവൾ ആ
വിദ്യാർത്ഥിനിക്ക് സമ്മാനിച്ചു.

പഴയൊരു കഥ പു
തിയൊരു ജീവിതത്തിലേക്ക്
വീണ്ടും യാത്ര തുടങ്ങി.





അപർണ എ.
II MSc Maths

# നിഴൽ വേട്ടയാടുന്ന ജീവിതങ്ങൾ

“സമയം ഒന്നര കഴിഞ്ഞു.ഇനിയെങ്കിലും വന്നുകിടന്നൂടെ, എത്ര നാളായി ഈ ഇരുപ്പും ആലോചനയും,മതി വന്നുകിടക്ക്”. ഭയവും സഹതാപവും സങ്കടവുമെല്ലാം കൂട്ടിക്കലർന്ന സ്വരത്തിൽ പ്രശാന്തിന്റെ ഭാര്യ പറഞ്ഞു.

“ഇതെന്നെ വിട്ടുപോകുമെന്ന് തോന്നുന്നില്ലടീ,ആ നശിച്ച ദിവസം,പിന്നെ ഇന്നത്തെ ആ കൂടിക്കാഴ്ച,എല്ലാം എന്നെ ഭ്രാന്തുപിടിപ്പിക്കുകയാണ്.ഇങ്ങനെ നീറിയവസാനിക്കാനാണെന്റെ വിധി”.

“കഴിഞ്ഞതിനെക്കുറിച്ചാലോചിച്ചിട്ട് എന്തുകിട്ടാനാ പ്രശാന്തേട്ടാ.ചെയ്തത് മാപ്പർഹിക്കാത്ത തെറ്റുതന്നെയാ.അതിന്റെ ശിക്ഷ അനുഭവിച്ചും കഴിഞ്ഞു,ഇനിയെങ്കിലും നമുക്ക് ജീവിക്കണ്ടേ”...പ്രശാന്ത് അപ്പോഴും ആലോചനയിലായിരുന്നു.എന്തോ ഓർത്ത് വീണ്ടും കണ്ണുകൾ ചുവന്നു.കണ്ണിൽ നിന്ന് ചോരത്തുള്ളികൾ ഇറ്റിവീഴുന്നതുപോലെ ശ്രേയക്ക് തോന്നി.അവൾ പ്രശാന്തിന്റെ അരികിൽ ചേർന്നിരുന്നു.തണുത്ത കൈകൾ കൊണ്ട് അയാളുടെ കവിളിൽ തലോടി.

“ഞാൻ നിന്റെയും ജീവിതം തകർത്തു വല്ലേ....”പ്രശാന്ത് ചോദിച്ചു.ശ്രേയ കണ്ണുകൾ തുടച്ച് പ്രശാന്തിനെ ചേർത്തുപിടിച്ചു.

“എന്റെ കൂടെ നല്ലൊരു ജീവിതം സ്വപ്നം കണ്ട്,എല്ലാമുപേക്ഷിച്ചുവന്ന നിന്നെപ്പറ്റി പോലും ഞാനോർത്തില്ല.പാർട്ടി എന്നോടാവ

ശ്യപ്പെട്ടതുമാത്രമേ ഞാൻ ചെയ്യുള്ളൂ.മുന്നും പിന്നും ചിന്തിക്കാതെ ഞാനയാളെ വെട്ടിനുറുക്കുമ്പോൾ,ഈ ദുർവിധി എന്നെ നിഴലുപോലെ പിന്തുടരുമെന്ന് ഞാനോർത്തില്ല. പാർട്ടിക്ക് വേണ്ടി കൊല്ലാനും ചാകാനും തയ്യാറായിരിക്കുന്ന ചോരത്തിളപ്പുള്ള ഇരുപത്തിയഞ്ചുകാരന് അന്നതൊരാവേശമായിരുന്നു".

''മതി,നമുക്കിനിയതിനെപറ്റിയൊന്നും ആലോചിക്കേണ്ട പ്രശാന്തേട്ടാ".മറ്റെന്തുപറയണമെന്നറിയാതെ ശ്രേയ പ്രശാന്തിന്റെ വിറയാർന്ന കൈകളെ തന്റേതിലൊതുക്കി.

നിന്നോട് ഞാൻ എന്തുമാത്രം കടപ്പെട്ടിരിക്കുന്നുവെന്നറിയുമോ ശ്രേയ,നാട്ടുകാരും കുടുംബക്കാരും എന്തിന്,സ്വന്തം പാർട്ടിപോലും തള്ളിപ്പറഞ്ഞ എന്നെ നീയിപ്പോഴും ചേർത്തുനിർത്തുന്നില്ലേ.ഒരു പക്ഷെ അത് നിന്റെ നിസ്സഹായതയാവാം,എന്നാലും നീ കൂടെയില്ലായിരുന്നെങ്കിൽ ഞാനൊരു ഭ്രാന്തനെപ്പോലെ തെരുവീഥികളിലൂടെ അലഞ്ഞേനെ! കല്ലേറുകൊണ്ട് ദേഹം വേദനിക്കുമ്പോൾ മരണത്തിന് വേണ്ടി ഞാൻ കെഞ്ചുന്നുണ്ടാവും പ്രശാന്ത് ഏങ്ങലടിച്ചു കരയാൻ തുടങ്ങി.

"എനിക്ക് മറ്റാരുമില്ല.ചോരത്തിളപ്പുള്ള ഇരുപത്തിയഞ്ചുകാരൻ രാഷ്ട്രീയക്കാരനെ മാത്രമല്ല,നിഷ്കളങ്കമായി സ്നേഹിക്കാനറിയുന്ന ഒരു മനസ്സിനെയും ഞാൻ മനസ്സിലാക്കിയതാണ്.നിങ്ങളിങ്ങനെ നീറി ജീവിക്കുന്നതിനിയും കാണാൻ എനിക്ക് വയ്യ. നമ്മൾ സ്വപ്നം കണ്ടതുപോലൊരു ജീവിതം നമുക്ക് വേണം.എന്നും എപ്പോഴും നിങ്ങളുടെ നിഴൽ പോലെ ഞാൻ കൂടെയുണ്ടാവും". ശ്രേയ പറഞ്ഞവസാനിച്ചതും പ്രശാന്ത് വിറയാർന്ന ശബ്ദത്തിൽ പറഞ്ഞു തുടങ്ങി;

"നിന്നെപ്പോലൊരു പെൺകുട്ടിയുടെ ,അവൾ സ്വപ്നം കണ്ട ജീവിതത്തെ ഇല്ലാതാക്കിയവനല്ലേ ഞാൻ.നിഴൽ പോലെ കൂടെയുണ്ടായിരുന്ന ഒരാൾ പെട്ടെന്നൊരുദിവസം ഇല്ലാതായാലുള്ള ശൂന്യത അവളെ എത്രമാത്രം ബാധിച്ചുകാണും!അന്ന് അവളുടെ വയറ്റിൽ ഒരു കുഞ്ഞുജീവൻ മിടിക്കുന്നുണ്ടായിരുന്നു,ഇന്ന് ആ കുഞ്ഞിനെ കണ്ടപ്പോൾ,അതെന്നോട്,"എന്റെ അച്ഛനെയെന്താ എന്നെ കാണാൻ പോലും വിടാഞ്ഞെ"എന്ന് ചോദിച്ചപ്പോൾ,ലോകത്തിലെ ഏറ്റവും ക്രൂരനായ മനുഷ്യനാണ് ഞാനെന്ന് എനിക്ക് തോന്നി. കുറ്റക്കാരൻ ഞാൻ മാത്രമാണല്ലോ,വിധി പ്രഖ്യാപിച്ചപ്പോൾ ലോകത്തിന് മുന്നിൽ ഞാൻ മാത്രം കുറ്റവാളി.പണ്ടാരോ പറഞ്ഞപോലെ ,"നിയമം ഒരു ചിലന്തിവലപോലെയാണ്,ചെറിയ ചെറിയ പ്രാണികൾ അതിൽ കുടുങ്ങും, വലിയവ വലപൊട്ടിച്ച് രക്ഷപ്പെടും".നേതാക്കളെല്ലാം നല്ലവരായി,പാർട്ടിയിൽ നിന്ന് പുറത്താക്കിയതോടെ പാർട്ടിയും കൈകഴുകി. ഞാൻ,ഞാൻ മാത്രം ബാക്കിയായി".പ്രശാന്ത് തലയിണയിൽ മുഖം പൂഴ്ത്തി.

"ആ കുഞ്ഞ് നിങ്ങളെ തിരിച്ചറിഞ്ഞുവോ"ശ്രേയയുടെ ചോദ്യത്തിന് വികാരനിർഭരനായി പ്രശാന്ത് മറുപടി പറഞ്ഞു:"സ്വന്തം അച്ഛനെ ഒരു നോക്കുപോലും കാണാൻ അനുവദിക്കാത്ത,അച്ഛന്റെ വാത്സ്യല്യചൂടേൽക്കാൻ സമ്മതിക്കാത്ത ക്രൂരനെ അവൾ ഏതിരുളിലും തിരിച്ചറിയും".

''ഇതിനെപറ്റി പറഞ്ഞിട്ടോ,വിഷമിച്ചിട്ടോ നഷ്ട്ടപ്പെട്ടതൊന്നും നമുക്കോ അവർക്കോ തിരിച്ചുകിട്ടില്ല.പ്രായശ്ചിത്തമെന്നൊണം എന്തെങ്കിലും ആ കുടുംബത്തിന് വേണ്ടി ചെയ്യാൻ പറ്റുമെങ്കിൽ നമുക്കതാലോചിക്കാം.മടുത്തില്ലേ ഇങ്ങനൊരു ജീവിതം. നമുക്കെല്ലാം ഒന്നിൽ നിന്ന് ആരംഭിക്കാം.പ്രശാന്തേട്ടാ,പ്ലീസ്,എനിക്ക് വേണ്ടിയെങ്കിലും നിങ്ങളൊന്നുമാറണം'.എന്തെല്ലാമോ മനസ്സിൽ ആലോചിച്ച്,തീരുമാനമെടുത്തതെന്നപോലെ പ്രശാന്ത് ഒരു ദീർഘനിശ്വാസം മറുപടിയായി നൽകി.ശ്രേയ പ്രശാന്തിനെ കെട്ടിപ്പിടിച്ചു.പ്രശാന്ത് തന്റെ കണ്ണുനീർ തുടച്ച്,ശ്രേയയെ കുറേക്കൂടി തന്റെയരികിലേക്കടുപ്പിച്ചു,കവിളിൽ ചുംബിച്ചു.ദീർഘനേരം അവർ ആശ്ലേഷിച്ചു.പുതിയ ജീവിതം കൊണ്ട്,തന്റെ ഭാര്യയെ എങ്കിലും സന്തോഷിപ്പിക്കണമെന്നയാൾ കരുതി.ഭാര്യയെ ചേർത്തുപിടിച്ച് ആയാൾ ജാലകത്തിലൂടെ നിലാവിനെ നോക്കി.ഏതോ ഒരു നിഴൽ ആയാളെ തന്നെ കൂർപ്പിച്ചു നോക്കുന്നു.താൻ സ്വപ്നം കണ്ടജീവിതം വെട്ടിനുറുക്കി കഷണങ്ങളാക്കിയതിനു ശേഷം,സ്വന്തം ജീവിതം കെട്ടിയുയർത്തുകയാണോ എന്ന് ആ നിഴൽ അയാളോടു ചോദിക്കുന്നതായി പ്രശാന്തിന് തോന്നി. ഇല്ല,ഇതിൽ നിന്നൊരു മോചനം അയാൾക്കിനിയില്ല.ചെയ്യുപോയ പാപങ്ങൾ ഒരു നിഴല് പോലെ അയാളെ പിന്തുടർന്നുകൊണ്ടേയിരിക്കും, മരണംവരെ.ഒരു പക്ഷെ അതിനുമപ്പുറം!

മട്ടന്നൂർ പഴശ്ശിരാജ എൻ.എസ്.എസ്. കോളേജിന്റെ ഈ പുതിയ മാഗസിന്റെ അണിയറപ്പണികൾ ആരംഭിച്ചപ്പോൾ, ആരെയാണ് നാം അഭിമുഖം ചെയ്യേണ്ടത് എന്ന ചോദ്യം കനലായി മനസ്സിൽ കിടന്നിരുന്നു. ക്യാമ്പസിന്റെ ചുവരുകൾക്ക് പുറത്തുള്ള വലിയ സെലിബ്രിറ്റികളെ തേടിപ്പോകാനായിരുന്നു പതിവുപോലെ ആദ്യത്തെ ചിന്തകൾ. എന്നാൽ, ഈ കലാലയത്തിന്റെ മണ്ണിൽ ചവിട്ടി നിൽക്കുമ്പോൾ ഞങ്ങളോർത്തു; ഇവിടെയെത്തുന്ന ഓരോ വിദ്യാർത്ഥിക്കും അധ്യാപകർക്കും ഒരുപോലെ പ്രിയപ്പെട്ടവർ ആരാണ്?

അപ്പോഴാണ് ചുവന്ന പരവതാനി വിരിച്ച വിരുന്നുകളിലല്ല, മറിച്ച് നമ്മുടെ നിത്യജീവിതത്തിന്റെ ഇടനാഴികളിലാണ് ഈ ക്യാമ്പസിന്റെ യഥാർത്ഥ നായകരുള്ളതെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞത്. ആ തിരിച്ചറിവ് ഞങ്ങളെ കൊണ്ടെത്തിച്ചത് ഒന്നിലധികം ഹൃദയങ്ങളിലേക്കാണ്.

അതിൽ ഒന്നാമത്തേത്, കനലരിയുന്ന അടുക്കളച്ചൂടിലും ഒരമ്മയുടെ വാത്സല്യത്തോടെ നമുക്ക് രുചികരമായ ഭക്ഷണം വിളമ്പുന്ന, വിശപ്പിന്റെ വിളിയറിയുന്ന നമ്മുടെ സ്വന്തം കാന്റീൻ നടത്തിപ്പുകാരി മാലതിയേച്ചിയാണ്. രണ്ടാമത്തേത്, വെയിലും മഴയും വകവെക്കാതെ, ആ തണുത്ത ഇരുമ്പ് ഗേറ്റിനു കാവലായി നിന്ന് നമ്മെ പുഞ്ചിരിയോടെ വരവേൽക്കുകയും യാത്രയാക്കുകയും ചെയ്യുന്ന നമ്മുടെ സുരക്ഷാ കാവലാൾ മുകുന്ദേട്ടനും.

ആഘോഷങ്ങളുടെ വെളിച്ചം അധികമൊന്നും വീഴാത്ത, എന്നാൽ പഴശ്ശിരാജയുടെ ഈ വിജ്ഞാനഗോപുരത്തെ ഉള്ളിൽനിന്ന് താങ്ങിനിർത്തുന്ന ഈ പ്രിയപ്പെട്ട മനുഷ്യരുടെ വാക്കുകൾക്കാണ് വരുംതലമുറകൾക്കായി ഞങ്ങൾ ഈ മാഗസിന്റെ താളുകളിൽ പ്രഥമ സ്ഥാനം നൽകുന്നത്. അവരുടെ അനുഭവങ്ങളിലൂടെയും സ്നേഹത്തിലൂടെയുമുള്ള ഒരു യാത്ര ഇവിടെ തുടങ്ങുകയാണ്...

**രുചിയുടെ അടുക്കളപ്പുറത്തെ അമ്മമനസ്സ്: മാലതിയേച്ചി സംസാരിക്കുന്നു**

'ഇവിടെ വന്നു കഴിഞ്ഞാൽ പിന്നെ വൈകുന്നേരം വരെ സമയം പോവുന്നത് അറിയില്ല മക്കളേ... മടുപ്പ് തോന്നാത്ത ഒരു പണിയാണിത്. എല്ലാരും നമ്മളോട് ചിരിച്ചു സംസാരിക്കുമ്പോൾ മനസ്സിന് കിട്ടുന്നൊരു സന്തോഷമുണ്ടല്ലോ, അതുമതി...' കനലെരിയുന്ന കാന്റീൻ അടുക്കളയുടെ ചൂടിലും ഒരമ്മയുടെ വാത്സല്യത്തോടെ മാലതിയേച്ചി സംസാരിച്ചു തുടങ്ങിയപ്പോൾ അതിൽ കലാലയത്തോടുള്ള പ്രണയവും കുട്ടികളോടുള്ള സ്നേഹവും നിറഞ്ഞുതുളുമ്പുന്നുണ്ടായിരുന്നു.

**2017ൽ തുടങ്ങിയ യാത്ര**

വലിയ പ്രതീക്ഷകളോടെ 2017ലാണ് മാലതിയേച്ചി പഴശ്ശിരാജ എൻ എസ് എസ് കോളേജിന്റെ കാന്റീൻ മുറ്റത്തേക്ക് വരുന്നത്. വർഷങ്ങൾ ഒൻപതു കഴിഞ്ഞിരിക്കുന്നു. ഇതിനകം എത്രയോ ബാച്ചുകൾ, എത്രയോ മുഖങ്ങൾ ചേച്ചിയുടെ കൈപ്പുണ്യമറിഞ്ഞ് പടിയിറങ്ങിപ്പോയി. ഇത്രയേറെ തലമുറകളെ

# ഹൃദയതാളുകൾക്കിടയിലെ ചില മനുഷ്യർ



ഊട്ടിയ ഒരു അമ്മയെന്ന നിലയിൽ എന്താണ് തോന്നുന്നത് എന്ന് ചോദിച്ചപ്പോൾ ചേച്ചിയുടെ മുഖത്ത് വലിയൊരു സംതൃപ്തിയുടെ പുഞ്ചിരി വിരിഞ്ഞു:

'എന്നെ സംബന്ധിച്ചിടത്തോളം ഈ ക്യാമ്പസിലെ കുട്ടികളോടും അധ്യാപകരോടുമുള്ള സമീപനം വളരെ സന്തോഷമുള്ളതും മനസ്സിന് കുളിർമ നൽകുന്നതുമാണ്. സാമ്പത്തികലാഭത്തിനപ്പുറം കുട്ടികളായാലും ടീച്ചേഴ്സായാലും നമ്മളോട് പെരുമാറുന്നത് സ്വന്തം കുടുംബത്തിലെ ഒരാളോടെന്ന പോലെയാണ്. ആ ഒരൊറ്റ ബന്ധമാണ് ഞങ്ങളെ ഇവിടെ നിലനിർത്തുന്നത്.'

## മാറിവന്ന കാലവും മാറാത്ത അച്ചടക്കവും

വർഷങ്ങൾ കൂടുംതോറും പുതിയ തലമുറയിലെ വിദ്യാർത്ഥികളിൽ എന്തെങ്കിലും മാറ്റം തോന്നാറുണ്ടോ എന്ന ചോദ്യത്തിന് വളരെ സത്യസന്ധമായ മറുപടിയാണ് ചേച്ചി നൽകിയത്.

'സത്യം പറയുകയാണെങ്കിൽ, ഞാൻ ആദ്യമായി ഇവിടെ വന്ന സമയത്തൊക്കെ കുട്ടികളെ വലിയ പേടിയായിരുന്നു. എന്താവും എങ്ങനാവും എന്നൊരു ആശങ്കയുണ്ടായിരുന്നു. പക്ഷേ, പിന്നീട് മാറിമാറി വന്ന ബാച്ചുകളെല്ലാം ഞങ്ങളെ അത്ഭുതപ്പെടുത്തി. കുട്ടികളൊക്കെ അത്രയും അച്ചടക്കത്തോടെയാണ് ഇപ്പോൾ നമ്മളോട് പെരുമാറുന്നത്. സാധാരണ മറ്റു കോളേജുകളിൽ കേൾക്കാറുള്ള ബഹളങ്ങളിൽ നിന്നൊക്കെ വ്യത്യസ്തമായ ഒരു നല്ല മാറ്റമായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്.'

## പുതിയ ഉണർവ്

കോളേജിന്റെ വളർച്ചയെയും മാറ്റങ്ങളെയും വളരെ അടുത്തറിഞ്ഞ ഒരാളാണ് മാലതിയേച്ചി. ചേച്ചിയുടെ കണ്ണിൽ ഇന്ന് കോളേജ് ഒരു പുതിയ ഭാവത്തിലാണ്.

'മാറ്റത്തെക്കുറിച്ച് പറയുകയാണെങ്കിൽ, സാമൂഹികപരമായിട്ടാണെങ്കിലും സാമ്പത്തികപരമായിട്ടാണെങ്കിലും ഞങ്ങൾ വരുമ്പോഴുള്ള ഒരു കോളേജല്ല ഇത്. കുട്ടികളുടെ കാര്യത്തിലായാലും ടീച്ചേഴ്സിന്റെ കാര്യത്തിലായാലും, ഇനിയിപ്പോ ഞങ്ങളുടെ കാന്റീന്റെ കാര്യത്തിലായാലും വലിയൊരു ഉണർവ് ഇവിടെ സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇതങ്ങനെ തുടർന്നു കൊണ്ടുപോവണം എന്നൊരു മനസ്സ് മാത്രമാണ് ഞങ്ങൾക്കുള്ളത്. ഇവിടുന്ന് നിർത്തിപ്പോവണം എന്നൊരു ചിന്ത ഒരിക്കൽ പോലും ഉണ്ടായിട്ടില്ല. എല്ലാവരുടെയും സഹകരണം കൊണ്ടാണ് അത് സാധിക്കുന്നത്.'

എന്റെ സഹപ്രവർത്തകരുടെ കാര്യമെടുത്താൽ, എപ്പോഴെങ്കിലും ഒരു ലീവ് എന്ന് പറയുമ്പോൾ 'അയ്യോ മാലതിച്ചേച്ചീ, ഞങ്ങൾക്ക് കോളേജിൽ പോയാലേ ഒരു സന്തോഷമുള്ളൂ' എന്നാണ് അവർ പറയാറുള്ളത്. ഇവിടെ വന്നാൽ മടുപ്പേ അറിയില്ല.'

## സ്വന്തം മക്കൾ, സ്വന്തം കുടുംബം

ഇവിടുത്തെ കുട്ടികളെക്കുറിച്ച് ചോദിച്ചപ്പോൾ ചേച്ചിയുടെ ശബ്ദത്തിൽ സ്നേഹക്കൂടുതൽ പ്രകടമായിരുന്നു.

'കുട്ടികളെക്കുറിച്ച് പറയാനാണെങ്കിൽ വളരെയേറെ അച്ചടക്കമുള്ളതും നല്ല സ്വഭാവവുമുള്ള കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. ഇവിടെ വന്നു ഭക്ഷണം കഴിച്ചു കഴിഞ്ഞാലും വെറുതെ പൈസയും തന്നു പോവുകയല്ല അവർ ചെയ്യാറ്. നമ്മുടെ സുഖവിവരങ്ങളെല്ലാം സ്നേഹത്തോടെ അന്വേഷിച്ചിട്ടേ അവർ മടങ്ങാറുള്ളൂ. ഇവിടെയുള്ള എല്ലാ കുട്ടികളും നമ്മളെ സ്വന്തം കുടുംബക്കാരായിട്ടാണ് കാണുന്നത്. അതുപോലെ തന്നെയാണ് തിരിച്ച് ഞങ്ങൾക്ക് അവർ; അവരെല്ലാം ഞങ്ങളുടെ സ്വന്തം മക്കളാണ്...'

വിശപ്പിന്റെ വിളിപ്പുറത്ത് അമ്മയായും, സങ്കടങ്ങളിൽ കൂട്ടായും നിൽക്കുന്ന മാലതിയേച്ചിമാർ ഉള്ളതുകൊണ്ടാണ് നമ്മുടെ കാന്റീൻ വെറുമൊരു ഭക്ഷണശാലയല്ലാതെ, കലാലയത്തിന്റെ ഹൃദയമിടിപ്പായി മാറുന്നത്. ചേച്ചിക്ക് കോളേജ് യൂണിയന്റെയും മാഗസിൻ കമ്മിറ്റിയുടെയും ബിഗ് സല്യൂട്ട്!

## വലിയ ഗേറ്റിലെ കാവൽക്കണ്ണും കരുതലിന്റെ പുഞ്ചിരിയും

മുകുന്ദേട്ടൻ സംസാരിക്കുന്നു

'പഠിത്തം കഴിഞ്ഞ് ഈ പടിയിറങ്ങിപ്പോകുമ്പോഴും, വർഷങ്ങൾക്ക് ശേഷം വീണ്ടും വരുമ്പോഴും അവർ വന്ന് വിശേഷങ്ങൾ ചോദിക്കാറുണ്ട്... ഈ പന്ത്രണ്ട് വർഷത്തിനിടയിൽ ഒരിക്കൽ പോലും എനിക്ക് ഈ ജോലിയിലൊരു മടുപ്പ് തോന്നിയിട്ടില്ല മക്കളേ...' ഇത് പറയുമ്പോഴും വെയിലും മഴയും വകവെക്കാതെ പഴശ്ശിരാജയുടെ ആ വലിയ ഇരുമ്പ് ഗേറ്റിന് മുന്നിൽ നമ്മെ വരവേൽക്കുന്ന മുകുന്ദേട്ടന്റെ മുഖത്ത് എപ്പോഴുമുള്ള ആ തെളിഞ്ഞ പുഞ്ചിരിയുണ്ടായിരുന്നു മുകുന്ദേട്ടൻ നൽകിയ മറുപടികളും മാലതിയേച്ചിയുടേതു പോലെ തന്നെ വളരെ മനോഹരവും ആത്മാർത്ഥത നിറഞ്ഞതുമാണ്. ഒരു സെക്യൂരിറ്റി ജീ

വനക്കാരൻ എന്നതിനപ്പുറം ക്യാമ്പസിനെ സ്നേഹത്തോടെ നിരീക്ഷിക്കുന്ന ഒരു വല്യേട്ടന്റെ ഭാവം ഈ മറുപടികളിലുണ്ട്.

**പന്ത്രണ്ട് വർഷത്തെ കാവൽ; മാറുന്ന പാഠങ്ങൾ**

കോളേജ് ഗേറ്റിന് മുന്നിൽ മുകുന്ദേട്ടൻ കാവൽ നിൽക്കാൻ തുടങ്ങിയിട്ട് ഇപ്പോൾ പന്ത്രണ്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഒരു വ്യാഴവട്ടക്കാലം! ഇത്രയും ദീർഘമായ കാലത്തെ അനുഭവങ്ങളെക്കുറിച്ച് ചോദിച്ചപ്പോൾ മുകുന്ദേട്ടൻ പറഞ്ഞു:

'ഞാൻ ഇവിടെ വന്നിട്ട് ഇപ്പോൾ പന്ത്രണ്ട് വർഷമായി. ഓരോ വർഷം കഴിയുമ്പോഴും വിദ്യാർത്ഥികളുടെ അഭിരുചികളും താല്പര്യങ്ങളും മാറിക്കൊണ്ടിരിക്കുന്നത് ഞാൻ നേരിട്ട് കാണുകയാണ്. വർഷം തോറും മാറിമാറി വരുന്ന കുട്ടികളിലൂടെയും അധ്യാപകരിലൂടെയും വ്യത്യസ്തമായ ഒരുപാട് അറിവുകളും വലിയ ജീവിതപാഠങ്ങളുമാണ് എനിക്ക് ഓരോ ദിവസവും ലഭിക്കുന്നത്.'

**മടുക്കാത്ത കാവലും മക്കളുടെ സ്നേഹവും**

എപ്പോഴും ഗേറ്റിൽ തന്നെ നിൽക്കേണ്ടി വരുന്ന ഈ ജോലിയിൽ എപ്പോഴെങ്കിലും മടുപ്പ് തോന്നിയിട്ടുണ്ടോ എന്ന ചോദ്യത്തിന് വളരെ പെട്ടെന്നായിരുന്നു മുകുന്ദേട്ടന്റെ മറുപടി.

'ഇതുവരെ ഈ ജോലിയിൽ എനിക്ക് ഒട്ടും മടുപ്പ് അനുഭവപ്പെട്ടിട്ടില്ല. അതിന് കാരണം ഇവിടുത്തെ കുട്ടികളാണ്. ഇവിടെ പഠിക്കുന്ന ഭൂരിഭാഗം കുട്ടികളും കോളേജിലേക്ക് കയറി വരുമ്പോഴും, വൈകുന്നേരം തിരിച്ചു പോകുമ്പോഴും ഞങ്ങളോട് സുഖവിവരം തിരക്കാൻ മറക്കാറില്ല. ആ ഒരു സ്നേഹപ്രകടനം തരുന്ന സന്തോഷം ചെറുതല്ല. അത് തന്നെയാണ് ഈ ജോലി മടുപ്പില്ലാതെ മുന്നോട്ട് കൊണ്ടുപോകാൻ ഞങ്ങൾക്ക് ഊർജ്ജം നൽകുന്നത്.'

**മാറിവരുന്ന സമൂഹവും പുതിയ തലമുറയും**

പഴയ തലമുറയുടെ പ്രതിനിധിയായ മുകുന്ദേട്ടൻ ഇന്നത്തെ സമൂഹത്തെയും പുതിയ കാലത്തെയും എങ്ങനെയാണ് നോക്കിക്കാണുന്നത്? അതിനദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്.

'നമ്മൾ പഴയ ആളുകളല്ലേ... നമ്മൾ ഇപ്പോൾ എന്തെങ്കിലും തിരുത്തിപ്പറഞ്ഞാൽ അത് ഇന്നത്തെ യുവതലമുറയ്ക്ക് ഇഷ്ടപ്പെട്ടുക്കൊള്ളണമെന്നില്ല. എങ്കിലും കാലത്തിനനുസരിച്ച് ഒരു മാറ്റം എവിടെയും ആവശ്യമാണല്ലോ. അതിനെ ആ രീതിയിൽ തന്നെ കാണണം.'

**'ജെൻ സി' കുട്ടികളോടുള്ള പ്രശംസ**

ഇന്നത്തെ പുതിയ തലമുറയുടെ രീതികളെയും അവരുടെ ഫാഷനുകളെയും പറ്റി ചോദിച്ചപ്പോൾ, പല മുതിർന്നവരെയും പോലെ കുറ്റപ്പെടുത്താനല്ല മുകുന്ദേട്ടൻ മുതിർന്നത്. പകരം അവരെ നെഞ്ചോട് ചേർക്കുകയാണ് അദ്ദേഹം ചെയ്തത്.

'പുതിയ കുട്ടികളുടെ രീതികൾ കാണുമ്പോൾ പ്രത്യേകിച്ച് കുറ്റബോധമൊന്നും തോന്നാറില്ല. സത്യം പറഞ്ഞാൽ, ഞങ്ങളുടെ കാലത്ത് ഞങ്ങൾക്ക് ചെയ്യാൻ സാധിക്കാത്ത, അല്ലെങ്കിൽ ഞങ്ങൾ ചിന്തിക്കുക പോലും ചെയ്യാത്ത ധാരാളം കാര്യങ്ങൾ ഇന്നത്തെ പുതിയ തലമുറ വളരെ ഭംഗിയായി ചെയ്യുന്നുണ്ട്. അവരുടെ ആ കഴിവിനെയും മുന്നേറ്റത്തെയും നമ്മൾ പ്രശംസിച്ചേ മതിയാകൂ.'

ക്യാമ്പസിന്റെ ഭീമാകാരമായ ഗേറ്റ് കടന്നുവരുന്ന ഓരോരുത്തർക്കും സുരക്ഷിതത്വത്തിന്റെ കാവലായും, പോകുമ്പോൾ തിരികെ വരാൻ പ്രേരിപ്പിക്കുന്ന സ്നേഹമായും മുകുന്ദേട്ടൻ അവിടെയുണ്ടാകും; ഇനിയും ഒരുപാടുകാലം, ആ പഴയ പുഞ്ചിരിയോടെ...







NANDHANA MOHANDHAS
II DC English

# Shadow

The Spring wind blew strongly. Alena was supposed to go to Amsterdam Central,were she decided to do few streat shoping.After her partime job she was already late.So she thought of calling Lisy her childhood friend.Lisy agreed to accompany her putting forward a condition,that they visit her cousin brother.They decided to take a walk towards the bus station.

There they saw their shadows on the ground.They were enjoying the weather the blisful mind and the spring flower.Alena decided to narrate a breakup story of her. She just had a condition that it was not to be said to anyone,Almost when she reached the climate they reached the bus station.The bus was crowded they was separated as she was not able to complete the story. Later when they reached the Amsterdam central both targetted the story that she was narrating.Alena,Lisy asked"Which kind of jewellery are you gona Buy?". 'Tarquish I hope", replied Alena.They both then got engaged in the shopping. Their shopping continued for almost $1^1/^2$hour.There at Amsterdam Central they saw two Duch girls almost around 8 to 10 years old. Alena was eagerly watching the two and said, How good our childhood was. I just went back to those days.Tears rolled down her cheeks.

Alena said,"You were just like a shadow to me,One who saw all my tough times,my happy moments and all.I never died or hided any thing from you.I was alike transparent water but I'm not well aware & you ..... Alena see look at that foundain.It nice right.Lisy interrupted and diverted her thought.What should i hide from you more ours.It was just 3 years of College that I was apart from you and nothing much happened in my life.Lisy close friend james was in the same college were Alena was studying. Thus she was well informed with Alena's life.Alena was a kind hearted girl who just knew only how to love people and hatred and jealousy doesn't have a place in her life.Lisy's life was full of mystery and conspiracy.

Lisy called one of her friend johna's pick them up and take them to her brothers residence. Alena who blindly trusted her just followed her. As planned both reached Lisy's brother Lamor's home.There were two male friends of his,Lisy and Alena just them. Entering the house Alena was a bit nervous but she had his innocent smile on her face.But when she came out an hour later her mind had fallen silent. As if she had entered into a vaccum. Returning back home she stood motionless at herself standing still infront of the mirror.Murmmering,why me?The question was short but had great relavance.Days passed.Her pasents noticed that she was not active Alice in the past.coming back from that home in the dark she had not seen her own shadow.That night erased her innocent smile for ever.She them moved on in life.But she believed in the lines,"Even shadow's betray, never trust anyone more than your own soul.


ടീച്ചേഴ്സ് & എംപ്ലോയീസ്
കോ-ഓപ്പറേറ്റീവ് സൊസൈറ്റി
ലിമിറ്റഡ് നമ്പർ സി. 1202,
Ph: 0490 2471886, Mob:7012972481, Email:tecosmtr@gmail.com

ഹെഡ് ഓഫീസ് : മട്ടന്നൂർ, മട്ടന്നൂർ പി.ഒ., പിൻ - 670702
പ്രവർത്തി സമയം : രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ

ശാഖകൾ
തലശ്ശേരി : 0490 2322640
ഇരിട്ടി : 0490 2492499

തലശ്ശേരി, ഇരിട്ടി താലൂക്കുകളിൽ പ്രവർത്തന പരിധി
നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരമുള്ള സുരക്ഷിതത്വം
അംഗങ്ങൾക്ക് 50 ലക്ഷം വരെ വ്യക്തിഗത വായ്പ
സ്വർണ്ണപണയ വായ്പ കുറഞ്ഞ നിരക്കിൽ
1 ലക്ഷം മുതൽ 5 ലക്ഷം വരെ സലയുള്ള ചിട്ടികൾ
ഹെഡ് ഓഫീസർ ലോക്കർ സൗകര്യം

സ്വർണ്ണ പണയത്തിന്
ദിവസ പലിശ അല്ലാതെ
മറ്റ് ചാർജുകൾ ഒന്നും
തന്നെ ഈടാക്കുന്നില്ല
സ്വർണ്ണത്തിന്
മാർക്കറ്റ് വിലയുടെ
പരമാവധി വില നൽകുന്നു.
നിങ്ങളുടെ ആവശ്യങ്ങളും
സ്വപ്നങ്ങളും
സാക്ഷാൽക്കരിക്കൂ

ജില്ലയിലെ ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ്
എംപ്ലോയിസ് ക്രഡിറ്റ് സഹകരണ സംഘം

ഹേമചന്ദ്രൻ സി, പ്രസിഡണ്ട്
ശ്രീകാന്ത് കെ.വി., സെക്രട്ടറി ഇൻ ചാർജ്

ری جاؤ اور چلو

-------------------

جانا هي هم , وها

جها راحة كي منزل هي

دورهي تو بهی کیا

وها بستا هي سكون

نا جا بينک تو پتا چلیگا کیسا

خوب سورة اس دنيا كي

جانا هي همي ایک بار

اس حماچد پروت كي اور ...



സജ ഷെറിൻ
II DC History



# UNION & FINEARTS
# INAUGURATION






















Onam
HAPPY ONAM
PAZHASSI RAJA N.S.S.COLLEGE
ഓണം

# Sports Meet



# WAVIN' FLAG FANS SHOW



# മട്ടന്നൂർ
# കോ–ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ്

ഹെഡ് ഓഫീസ് : മട്ടന്നൂർ, കണ്ണൂർ–670702 Regd.No.F.1228

Since 1946

## വിശ്വസ്ത സേവനത്തിന്റെ 80–ാം വർഷത്തിലേക്ക്



ഹെഡ് ഓഫീസ്/
മെയിൻ ബ്രാഞ്ച് (മട്ടന്നൂർ)
**PH: 0490-2471 227**
**2473227, 2474227**

എടയന്നൂർ (ചാലോട്)
**PH:0490-2484556**

ഉളിയിൽ
**PH:0490-2433140**

ശിവപുരം
**PH:0490-2400510**

ഉരുവച്ചാൽ
**PH:0490-2477227**

പ്രഭാത സായാഹ്ന ശാഖ
(മട്ടന്നൂർ)
**PH:0490-2471127**

ആയിപ്പുഴ
**PH:0460-2259847**

- ഫണ്ട് ട്രാൻസ്ഫർ (NEFT& RTGS) സൗകര്യം
- സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യങ്ങൾ
- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ
- സ്വർണ്ണ വായ്പകളും, ഭൂപണയ വായ്പകളും
- ആംബുലൻസ് സേവനം, ഫോൺ : 9947147227, 8547144227
- ദീർഘിപ്പിച്ച ഇടപാട് സമയം– ശനിയാഴ്ച ഉൾപ്പടെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും കാലത്തു 9.30 മുതൽ വൈകു 5.30 വരെ
- പ്രഭാത സായാഹ്ന ശാഖയിൽ കാലത്തു 8 മണി മുതൽ രാത്രി 8 മണി വരെ
- സ്ഥിരമായി അംഗങ്ങൾക്ക് ലാഭവിഹിതം നൽകി വരുന്ന ക്ലാസ് 1 സൂപ്പർ ഗ്രേഡ് സഹകരണ ബേങ്ക്


Arts Fest
തരംഗ്


Food Fest
Ethnic Day
Xmas
CELESTIA
AZADI
UNION



















സംഘനൃത്തം – 2nd A Grade



**യദുകൃഷ്ണൻ എം.ആർ**
കുച്ചിപ്പുടി, ഭരതനാട്യം
1st A Grade
നാടോടി നൃത്തം
3rd A Grade



**രമ്യ എ.**
ഭരതനാട്യം,കേരളനടനം
2nd A Grade
കുച്ചിപ്പുടി
3rd A Grade



**നന്ദന സി.**
നാടോടിനൃത്തം
2nd A Grade



**ഹർണീത്**
ജാസ്
3rd A Grade



**ഫാത്തിമത്ത് റഫ എം.**
പ്രസംഗം (ഹിന്ദി)
3rd A Grade


Holy


# കോളേജ് ഡേ



# ASSOCIATION SECRETARIES



ANANYA K.
HISTORY



SHIFA KOUSAR
ENGLISH



AMALJITH P.
ECONOMICS



SAMPREETH KOMMATH
PHYSICS



SREENANDHA T.V.
CHEMISTRY



AKSHARA MANOJ
PLANT SCIENCE



SANIYA P.
MATHS



VAIDEHI B.
COMMERCE



SANIYA
FIRST YEAR REP.



AKSHAY
SECOND YEAR REP.



NILA N.B.
THIRD YEAR REP.



MEGHA V.R.
PG REP.

# RETIREMENT






TOPCO
JEWELLERY
SINCE 1992
35 വർഷക്കാലമായി
വിശ്വാസ്യതയുടെ സ്വർണ്ണ മുദ്ര
ചാർത്തിയ ടോപ്കോ ഇനി
ചെറുകുന്നിലും...
Celebrating 35 YEARS OF
PURITY
TRUST
TRANSPARENCY
BIS
SILVER
92.5

PKK ENTERPRISES
-Since 1989

ആശംസകളോടെ....

# നിങ്ങളുടെ വീട് ഇനി
# പുതുമയോടെ തിളങ്ങട്ടെ

മികച്ച ഗുണനിലവാരമുള്ള പെയിന്റും,
നിങ്ങളുടെ സ്വപ്ന വീട്ടിലേക്ക്

മികച്ച വില
മികച്ച ക്വാളിറ്റി
വിശ്വാസം 100%




# PKK ENTERPRISES

Vayanthode, Mattannur - 670702

94470 71659



സയന
II DC Economics

# കലാലയം

ഓർമ്മകളുടെ വസന്തം
ഒരു വസന്തം വിരുന്നുവന്നൊരു മുറ്റം,
നൂറു സ്വപ്നങ്ങൾ മൊട്ടിട്ടൊരിടം.
സൗഹൃദപ്പൂക്കൾ വിരിയും വഴിയിൽ
നമ്മൾ തുന്നിയ കിനാവുകൾ എത്രയോ!
മഴവിൽ ചിരിയുമായി സൗഹൃദങ്ങൾ,
പിണക്കവും ഇണക്കവും നിറഞ്ഞ നേരങ്ങൾ.
പഴയ ബെഞ്ചിലെ ആ പേരുകളിൽ
ഇന്നും നമ്മുടേതായ ഒരു ലോകമുണ്ട്.
പുസ്തകത്താളിലെ മയിൽപ്പീലി പോലെ,
അക്ഷരങ്ങളിൽ കോർത്ത സ്നേഹം പോലെ,
കലാലയമേ, നീയാം സുഗന്ധം
നെഞ്ചോരം എന്നും അലിഞ്ഞുനിൽക്കും





# സാക്ഷി




അനന്യ കെ.
III DC History


വീരപഴശ്ശി തൻ സ്മരണ ഉയർത്തുന്ന
ഈ തിരുമുറ്റത്ത്
ഒരു പുതു യുഗസൃഷ്ടിക്ക്
സാക്ഷിയാവാൻ
കാലമേ നീ എന്നെ നിയോഗിച്ചു..

മാറ്റത്തിനായി കൊതിച്ചൊരു പഴശ്ശി
മാറിയ മാറ്റം കണ്ടുപഠിക്കാൻ
നിങ്ങൾ തൻ കണ്ണുകൾതുറന്നു പിടിച്ചിടു...
സത്യത്തിന് നേരെ കണ്ണു  തുറക്കൂ....







ORമകൾ



റിയ മജീദ്
II DC History

# ഓർമ്മകൾ

ഓർമ്മകൾ മിന്നിമറയില്ലൊരിക്കലും
കിനാവിന്റെ നിശാഗന്ധിയിൽ
അടർന്നു പോവില്ലൊരിക്കലും
സ്നേഹത്തിൻ തിരിനാളങ്ങൾ....
ഒരുപാട് നല്ല നിമിഷങ്ങൾ
ഇന്നലെകളായ് പൊഴിയുമ്പോൾ
ഓർമകളാം കരിയിലകൾ
ചിരിക്കുന്നുവോ......?
അടുക്കുമ്പോൾ അറിഞ്ഞില്ല
നോവെന്ന മുള്ളിനാൽ
കണ്ണീർ പൊഴിയുമെന്ന്
നോവിൻ കനലുകൾ
എരിഞ്ഞടങ്ങുമ്പോഴും
നിലാവിന്റെ തൂവൽ
സ്പർശം പോലെ
ഓർമകളെന്നും കനവിൽ
വർണമായ് നിറയവെ....
പഴയ ഓർമകളെ
പുതുമയുള്ളതാക്കാൻ
എന്നും വേണമീ...
സുഹൃത് ബന്ധം....





റിസ്‌വാന പി.
II DC Economics

# കത്തെഴുത്ത്

ഹൃദയം പകരുന്ന വാക്കുകൾ
ഇൻലന്റിൽ നിറച്ചുവെച്ച്
നിന്നിലേക്ക് പെയ്തിറങ്ങുവാൻ
കൊതിച്ചിട്ടേറെയായി
ഒറ്റയിരിപ്പിനെഴുതി
പുസ്തകത്തിലടച്ചുവെച്ചു.

കാലത്തെണീറ്റ്
മേൽവിലാസമെഴുതണം
സ്റ്റാമ്പു പതിച്ച്
പോസ്റ്റ് ബോക്സിലിടണം
തിരിച്ചുനടക്കുമ്പോൾ
വായനശാലയിൽകയറി
ചോരവാർന്ന വാക്കുകളിൽ
ചെന്നുവീഴണം

പീഢനങ്ങളുടെ
മാംസഗന്ധം ശ്വസിക്കണം
വിഗ്രഹതിരോധാനം
പ്രാർത്ഥനകളെ അകറ്റും
ആയതിനാലെഴുത്ത്
മറ്റൊരിക്കലാവാം സുഹൃത്തേ
ഇപ്പോഴൊരു മെസേജിൽ
നമുക്ക് പരിഭവിച്ചിരിക്കാം.





കോ-ഓപ്പറേറ്റീവ് എംപ്ലോയീസ്
കോ-ഓപ്പറേറ്റീവ് സൊസൈറ്റി
ലിമിറ്റഡ് നമ്പർ സി. 379
മട്ടന്നൂർ 670 702
2473497 9947741517
സ്വർണ്ണ പണയ വായ്പ
ഇതാ ഏറ്റവും കുറഞ്ഞ പലിശനിരക്കിൽ
1000 രൂപയ്ക്ക് മാസം 7.92 രൂപ മാത്രം 25 ലക്ഷം രൂപ വരെ
■ മെമ്പർമാർക്ക് 25 ലക്ഷം രൂപ വരെയുള്ള വിവിധതരം വായ്പകൾ
■ 10 ലക്ഷം രൂപ വരെയുള്ള വിവിധതരം GDCS
■ നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ, പൂർണ്ണ സുരക്ഷിതത്വം, സർക്കാർ ഗ്യാരണ്ടി
ലോക്കർ സൗകര്യം ലഭ്യമാണ്




TVS
റോഡുകളിൽ ഇനി NTORQ തരംഗം
DOWNPAYMENT
₹1999
SEAT COVER
or
DUAL HELMET
BODY COVER
EASY FINANCE
MOTORS
KOTHERI, MATTANNUR, KANNUR, KERALA
KOTHERI, MATTANNUR KANNUR
+91 828 148 1555
+91 773 685 9417

# പ്രതീക്ഷ



യദുകൃഷ്ണ എം.ആർ.
II DC Zoology



വെറുപ്പായിരുന്നു ഇരുട്ടിനോട്
ജീവനും ജീവിതവും അവൾക്കു നൽകിയത്
ആ കൂറ്റാക്കൂരിരുട്ട് മാത്രമായിരുന്നു
തന്റെ തുടുത്ത മുഖത്ത് ദൃശ്യം ആവുന്ന
നിശബ്ദമായ രണ്ടു കറുത്ത ഗോളങ്ങളും
അവൾക്ക് സമ്മാനിച്ചത് ഇരുട്ട് മാത്രമായിരുന്നു
അത് പകരുന്നത് പ്രതീക്ഷയോ അതോ ഭയമോ?
അറിയില്ല! ജീവിതയാഥാർത്ഥ്യങ്ങളോട്
ആ പെണ്ണ് പൊരുതി നേടിയതും
ആ അന്ധകാരം തന്നെ!
എന്തേ അവൾ ജീവിതമാസ്വദിക്കാൻ മറന്നുവോ?
അല്ല മറപ്പിച്ചതും മടുപ്പിച്ചതും
ആ ഇരുട്ടിൽ അവൾക്ക് നേരെ പതിച്ച
കറുത്ത കരങ്ങൾ ആയിരുന്നു.
ഇനിയെന്ത് മരണമോ? അറിയില്ല!
അല്ല അവളിലെ ഇരുട്ടിന് കോടി സൂര്യന്റെ
പ്രഭയേക്കാൾ അവനുള്ളപ്പോൾ എന്തിനു മരണം?
അവളുടെ ജീവിതത്തിലേക്ക് പ്രതീക്ഷയുടെ
പകയായി അവതരിച്ചവനാണ് അവൻ
അവളുടെ കാഴ്ച്ചയ്ക്ക് വർണ്ണമേകാൻ
അവളുടെ പ്രതീക്ഷയ്ക്ക് ജീവനേക്കാൾ
അവളുടെ ശബ്ദത്തിന് രാഗമേകാൻ
അവളിലെ ഗന്ധവും രുചിയും എല്ലാം അവൻ തന്നെ.
പക്ഷേ എന്തിന് അവൾ ഒരു ജീവച്ഛവം അല്ലേ?
അല്ല അവനിലൂടെ അവൾ അറിഞ്ഞ പകൽ
അവളുടെ മനസ്സിന്റെ അന്ധകാരത്തെ പാടേ മായ്ച്ചിരുന്നു.
ഇനിയൊരു സംഗമമാണ് ആവശ്യം
അവളുടെ ജീവിത താളം അവനിലൂടെ ആകുമ്പോൾ
എപ്രകാരമാണ് അത് ആവശ്യമല്ലാതിരിക്കുക?
സംഗമിച്ചു കഴിഞ്ഞിരിക്കുന്നു!
അവന്റെ കണ്ണുകൾ അവളിലേക്ക്!
അന്നത്തെ പകലിനെ ആ കണ്ണുകൾ ആദ്യമായി വരവേറ്റു
ഇനി അവന്റെ അന്ധകാരത്തിന്
പകലിനെ നിറവേകാൻ അവളില്ലേ...!
ആ പകൽ അവളുടെ ജീവിതത്തിലെ
ആദ്യ വെളിച്ചം അവളിൽ അതിമധുരമേകി!
കാരണം അവൾക്ക് വെളിച്ചം  സമ്മാനിച്ച
കണ്ണുകൾ അവന്റേതായിരുന്നു.!
ഇരുളിൽ നിന്നും വെളിച്ചത്തിലേക്ക്





Thanha
III DC Economics

# ഇരുളിൽ നിന്നും വെളിച്ചത്തിലേക്ക്


ഇരുളായി നിറഞ്ഞ വാനത്തിലുദിച്ച്
നിറവായി വന്നതെന്തോ വെളിച്ചമേ....
പകരൂ ഉണർവിൻ നന്മയാം മനുഷ്യരിൽ
പകലിൻ ഉദിപ്പിൻ അനുഭൂതി....
ഇരുളായി നിറഞ്ഞ മനുഷ്യ ഹൃദയങ്ങളില
തിവേഗം വെളിച്ചമേകുവാൻ പാകത്തിൽ
വരൂ നീ ഉണർവിൻ നിശ്വാസ ശാന്തിയായി
പകരൂ പകലുദിപ്പിൻ അനുഭൂതി....

മരിച്ചുകിടക്കും പ്രകൃതിയാം അമ്മയെ
ഉണർത്താനെത്തുന്ന നിശ്വാസ ഹർഷമേ
നിന്നിലലിഞ്ഞു ചേരാൻ കാത്തുനിൽപ്പൂ
ഈ ഇരുളാം ഭൂമിത്തടങ്ങൾ....
രാവ് പകലായി മാറും നേരം....
കൂരിരുളാഴ്ന്നു പോയ് ഈ മണ്ണിൽ
പകരമാം വരും പകൽ വെളിച്ചം
അധികമായി ഉണർവേകുന്നു മനുഷ്യരിൽ....

ഉറങ്ങിക്കിടക്കും ജീവജാലങ്ങളെ
ഉണർവിലേക്കാഴ്ത്തുന്നു ഈ പകൽ
ഉറക്കം നടിച്ചുകിടക്കും പ്രകൃതിയെ
മനോഹരമാക്കി തീർത്തതും ഈ പകൽ
കിളികൾക്കു പാറിപ്പറക്കുവാൻ വെട്ടം
പകർന്നു നൽകുന്നതും പകൽ....
കള കള ശബ്ദമുയർത്തും അരുവികളെ
ഭംഗിയിലാഴ്ത്തിച്ചതും ഈ പകൽ...

ഓരോ പകൽ മാഞ്ഞ് രാവിലലിഞ്ഞുചേരുന്നേരം
നിശ്ചലമായി ഭൂമി മാറി തുടങ്ങുന്നു....
പകലിൽ കണ്ട മനോഹാരിത മാഞ്ഞുപോയ്
പകരം ഇരുളാഴ്ന്ന കാഴ്ചകളിലേക്കായുതിരുന്നു...
ഓരോ പകൽ മാഞ്ഞ് തുടങ്ങുമ്പോഴൊക്കെയും
അത് ഹൃദയത്തിനുള്ളിൽ തേങ്ങലായി വളരുന്നു...





സഫ ടി.
II DC Hindi

# LIMITED STOP


ഒന്നുമില്ല.....വെറുതെ ഒന്നു കൈകാണിച്ചതാണ്. സ്റ്റോപ്പില്ലാഞ്ഞിട്ടും ആ ബസ്സവിടെ നിർത്തുക തന്നെ ചെയ്തു. പിന്നീട് പല സമയങ്ങളിലും അതാവർത്തിച്ചു കൊണ്ടേയിരുന്നു.

അവൾക്കായിട്ട് എന്നും ആ ബസ്സ് നിർത്തിക്കൊണ്ടിരുന്നു. അവിടെ സ്റ്റോപ്പില്ലാഞ്ഞിട്ട് പോലും എന്തോ ആ യാത്ര അവർക്കിഷ്ടമായിരുന്നു. പ്രണയം, അതൊരു ഫാസ്റ്റ് പാസഞ്ചർ ബസ്പോലെ ചീറിപ്പാഞ്ഞു. ടിക്കറ്റും പാസ്സുമില്ലാത്ത ആ യാത്ര. മറ്റുവണ്ടികളെ ഓവർടേക്ക് ചെയ്തു ഓടിക്കൊണ്ടേയിരുന്നു. അമിതവേഗതയിൽ തന്നെ.

അറിഞ്ഞും അറിയാതെയും ആ യാത്രയിൽ അവൾക്ക് പലതും നഷ്ടമായി.എല്ലാം അയാൾ ചോദിച്ചപ്പോൾ അനുസരണയോടെ അവൾ നൽകിയതായിരുന്നു. എന്നിരുന്നാലും ചെക്കിങ്ങും പഞ്ചിംഗുമില്ലാതെ ആ യാത്ര മുന്നോട്ട് തന്നെ പോയ്ക്കൊണ്ടിരുന്നു...

അധികം താമസിയാതെ തന്നെ അവൾ ആ യാത്രയുടെ സത്യമറിഞ്ഞു തുടങ്ങി. അതേ ബസ്സിൽ അവളറിയാതൊരാൾ കൂടി കയറാൻ തുടങ്ങിയിരിക്കുന്നു. പിറ്റേന്ന് മുതൽ ആ യാത്ര അവൾക്ക് ദുസ്സഹമായി തുടങ്ങി. പിന്നീടങ്ങോട്ടുള്ള യാത്രയിൽ അവൾ ഒരു പാട് ഗട്ടറുകളും ഹമ്പുകളും ചാടി.....

പിറ്റേന്ന് മുതൽ കൈകാണിച്ചിട്ടും ആ ബസ്സ് നിർത്തി യില്ല. ഈറനണിഞ്ഞ കണ്ണുകൾ ബസ്സിന്റെ പിന്നിൽ പതിഞ്ഞു. ചുവന്ന നിറത്തിൽ LIMITED STOP എന്നെഴുതിയത് അപ്പോഴാണ് അവൾ കാണുന്നത്.



# ഓർമ്മ വേണം



ഷഹല മുംതാസ്
II DC Economics

ഓർക്കുമ്പോഴും,
ഓർത്തോർത്ത്
നേടുവീർപ്പെടുമ്പോഴും
നാം ഓർക്കുന്നില്ല....
ഓർമ്മകളില്ലാത്ത നമ്മുടെ ജീവിതം
യാതനകളാണെങ്കിലും
ആ ഓർമകളല്ലെ.
ഈ ഏകാന്തമാം ജീവിതത്തിൽ
നമുക്ക് കൂട്ട്





നിഹാല സി.എച്ച്.
II DC Hindi

# Falling For a Friend

I held her hand and walked a mile.

Silence trickled through our conversations,
while years of friendship
kept us strong.

I wouldn't let her fall,
nor let her be wrong.

She whispered to me
her small desires,
her mysteries,
her secrets,
her fire,
her fears.

I listened to her—
mine, a secret wish,
a bond.

That someday,
our amity would go beyond.

To fall in love—
and call it a crime.
Grave punishments, they said,
oh, so grim.

Love's mercy lies
in two years of friendship.

The tightened bond,
the loosened grip—

I held her hand
and walked a mile,

the last mile...

with a stranger's smile.



നിധി ദിനേഷ്
II DC Chemistry

# പൊന്നു മോനേ മാപ്പ്

അമ്മിഞ്ഞപാലിന്റെ മാധുര്യം നുകരേണ്ട അധരങ്ങളിൽ അവൻ രക്തച്ഛവർപ്പ് ഏറ്റുവാങ്ങി......മുട്ടിലിഴയുമ്പോൾ താങ്ങായ കുഞ്ഞി കൈകളിൽ അവർ കട്ടിയുള്ള കവചം തീർത്തു....കുഞ്ഞോമൽ മേനിയിലാകെ സിഗററ്റിന്റെ ദുർഗന്ധം അലിഞ്ഞു ചേർന്നു....

പഞ്ഞിക്കെട്ടുപോലെ മൃദുലമായ മേനിയിൽ അങ്ങിങ്ങായി പിശാചുക്കളുടെ കൈയുടെ അടയാളങ്ങൾ പതിഞ്ഞു....

ഇത്രയേറെ പിശാചുക്കൾ ഒന്നും മനസ്സിലാവാതെ മരണത്തിന്റെ മറവിലേക്ക് നിഷ്കളങ്കമായ ചിരിയോയോടെ തന്നെ അവൻ നീങ്ങി....

ആ ചിരി നമ്മളെ വേദനിപ്പിച്ചെങ്കിലും,

വാസ്തവത്തിൽ ആ ചിരിയിൽ അവൻ പറയാതെ പറഞ്ഞത്,

സ്വർഗത്തിൽ അവനെ കാത്ത് അവന്റെ അച്ഛൻ ഇരിപ്പുണ്ട്....ഈ നരകത്തിൽ ജീവിക്കുന്നതിനേക്കാൾ നല്ലതാണ് സന്തോഷത്തോടെ അച്ഛന്റെ മാറിൽ പറ്റിക്കിടക്കുന്നത് !

നശിച്ച ലോകത്ത് ജീവിക്കുന്നതിനേക്കാൾ മനോഹരമായി സങ്കൽപ്പികലോകത്ത് അവൻ ജീവിക്കുന്നുണ്ടാവും എന്ന് നമുക്കാശ്വസിക്കാം.



ആദിത്ത് സി.
I DC English

# Wipers of you

In the hush between heartbeats,
I find your name,
A quiet flame that softness the dark,
Every sight of the wind feels the same
A secret Message,a tender spark

Your eyes are lanterns in my night,
drawing me home through endless soils.
Even the moon bows to their lights
The mirror of love the world denies.

If time were crud&days grew dim,
Still,I'd follow the trace of you,
for every star sings a timeless hymn,
Every note is promise true.

So hold me close,Where dreams reside,
two souls  entwined,one endless tide.





ദിവ്യലക്ഷ്മി
III DC English

# Its never the shadow

A girl is waiting at a bus stand. It looks like she missed her last bus. she called her friend, But there is no response.There is only one companion for her.A shadow.It was past midnight. she's scared,but relieved that the shadow is watching over her.Some people stegs at the bus stop,some states and some leaves.Later everyone left. But there is something left over there.Their shadow. She was confused.Why is these shadow's here? She mumbled. She got a chill from the cold night.She wished someone would take her home."I'm so stupid that I still believe someone would get me home in this stupid hour" She stomps her leg on the near by flower pot beside her.The pot fell back and breaks."shit! I'm so careless" She tried to fix it.Her hands were covered in mud."Great,just great,my day sucks and now this also sucks".A car stops infront of her."Wanna get a ride home sweetheart....?"Asked the drunken Man."No need my dad is here to pick me up" She lied,he can see her face that lying on him.But the Man lest without saying anything.But the shadow of the car and the Man remains there."what in the Magical world am I?Why are the shadow's here?"Her watch shows 2 in the morning.She felt sleepy,tired regret on not going earlier.But suddenly!She saw the shadow move towards her the shadow where they left behind her.It moves to words her,no toward her shadow.The girl was scared ,stunned of what is happening.The shadows had the girls shadow!The shadows dragged her into the darkness.Scared She Ran away from the bus stop.But something dragged her into the darkness also.she scremed,One shadow covered her mouth while one covered her eyes.The shadow is taking her to somewhere there is no light anymore.But she got a glance believe it.The shadow! It has eyes!hands like humans!She head them speak,Just like her.They closed her eyes,She fell into the deep wave of darkness which is drowning her.The shadows drowns her with them.The gire the shadow the bus stop everything was there was vanished.

No trace of anything only the broken flower pot scattered there.




# कृत्रिम बुद्धिमत्ता और हम

FATHIMATH RAFA M.
III DC Hindi

वर्तमान समय में मानव जीवन का सबसे महत्वपूर्ण हिस्सा है कृत्रिम बुद्धिमत्ता। जिसका सकारात्मक और नकारात्मक प्रभाव हमारे समाज में पड़ता जा रहा है। मोबाइल, लैपटॉप, टीवी और अन्य मशीनों जैसे तकनीकी उपकरणों के माध्यम से लोगों को आवश्यकता अनुसार जानकारी आसानी से प्राप्त होती है। इस प्रकार कोई भी कार्य जरूरत होने पर हमारी उंगलियों के सामने उपस्थित है। कृत्रिम बुद्धिमत्ता के कारण मानव को इतनी अधिक सुविधाएं प्राप्त हैं कि उसका काम-काज आसानी से और कम वक्त में पूरा हो जाता है। आजकल लोग 'हे सिरी', 'हे अलेक्सा' आदि के रूप में पुकार कर अपनी जरूरत पूरी कर लेते हैं। सालों से इसका उपयोग करने से मानव की विचारधारा भी बदल जाती है, जिससे उसकी सृजन शक्ति का भी विकास होता रहता है। इस प्रकार कृत्रिम बुद्धिमत्ता निरंतर प्रगति करती जा रही है। मानव द्वारा निर्मित इस तकनीक में अनेक लोगों के विश्वास एवं आस्थाएं निहित हैं।

पहले के ज़माने में अगर किसी स्थान को ढूंढना होता था तो रास्ते में लोगों से पूछ-पूछ कर जाना पड़ता था। लेकिन वर्तमान में किसी की मदद के बिना कृत्रिम बुद्धिमत्ता के माध्यम से ठीक स्थान पर पहुंच सकते हैं। आजकल बातचीत करने में मिनटों का समय भी नहीं लगता। विदोशों से हमारे भारत का संबंध भी इस प्रकार की बुद्धिमत्ता के द्वारा ही स्थापित है। व्यापार, उद्योग, चिकित्सा, प्रौद्योगिकी आदि सभी क्षेत्रों में कृत्रिम बुद्धिमत्ता की आवश्यकता है। लेकिन इसके सकारात्मक प्रभाव के साथ-साथ नकारात्मक प्रभाव भी मानव जीवन पर पड़ता है। कृत्रिम बुद्धिमत्ता के नवीन विकास से अनेक लोगों के साथ मजाक के रूप में व्यवहार किया जाता है। किसी की तस्वीर को बुद्धिमत्ता की सहायता से बदलकर समाज के मध्य में डालकर उनके जीवन को बर्बाद कर देते हैं। इससे लोग कभी आत्महत्या तक संभव हो जाती है। इतना ही नहीं, फिल्मों जैसे मनोरंजन के साधनों में दिखाई जाने वाली बुराइयों का उसी ढंग से अनुकरण करके बच्चे से लेकर बड़े तक बड़ी-बड़ी समस्याएं समाज में फैला देते हैं, जिससे आम जनता का जीवन संघर्षमय हो जाता है। आजकल रोज अखबारों में इस प्रकार की खबरें आती हैं जिन्हें लोग पढ़ना भी नहीं चाहते। लेकिन फिर भी कृत्रिम बुद्धिमत्ता के उपयोग में कोई कमी नहीं है।

अगर उसका उपयोग सही ढंग से करेंगे तो हमारा भारत भी अन्य देशों की तरह विकसित राष्ट्र बन जाएगा।



NOUFAL KHAN PN
II DC Hindi

# मैं और मां

मैं तुम्हारा लाडला बच्चा हूं।
मैं आपकी गोद में बैठना चाहता हूं।
आपकी नजरें मुझे
हमेशा की तरह पिघला देती हैं।
आपकी वह मधुर
आवाज कितनी सुंदर ध्वनि है।
आप मेरी पहली गुरु हैं,
आप मेरी पहली ईश्वर हैं,
आप मेरी पहली साथी हैं।
अगर मैं आपके बारे में बोलने लगूं,
तो ये बातें कभी रुक नहीं सकतीं।
मैं आपके बारे में कितना भी बोलूं,
वह सब कम पड़ जाता है।
आप मेरे ही मन में नहीं हैं, क्या
आप मेरे दोस्तों की भी
मां बन सकेंगी न?
आप मुझे ही नहीं,
सारे परिवार को दुर्घटनाओं से बचाती हैं।
आपके जैसा इस जगत
को भी चाहिए।
आप पूरे जगत की
धूप और छांव के समान हैं।
आप इस जगत की प्रकृति हैं,
जो सुंदर नजारों से भर जाती है।
आप प्रकृति का एक महान
पेड़ हैं और उसमें खिलने वाले
फूल आपकी मुस्कुराहट हैं।
उस पेड़ की छाँव भी आप हैं
और उस पेड़ को उगाने
वाली धूप भी आप हैं।
आप हमारे सबसे पसंदीदा
गुलाब और रसगुल्ले के
समान हैं और आप ही
हमारी खुशी हैं।



Nanditha K.
III DC Plant Science


# धूप बिना क्या छांव

नन्ही-सी सुबह खिल उठी,
सूरज खुशी-खुशी खिलखिलाने लगा।
धीरे-धीरे सारा गाँव उजड़ते
दिसंबर की ठंड से थोड़ा छुटकारा पा गया।
सभी उत्साह के साथ
काम करने के लिए गए।
समय बीतने लगा
और साथ ही कड़ी धूप भी बढ़ने लगी।
कड़ी धूप से लोग परेशान होकर
छांव खोजने लगे।
कैसी धूप है यह,
कहीं छांव भी नहीं मिल रही।
तभी एक पीपल का पेड़ दिखा।
कैसी कुर्बानी है यह,
जो सारी धूप सहकर
दूसरों को छांव देता है।
मां-बाप भी ऐसे ही पीपल की तरह होते हैं।
वे सारी धूप सहते हैं
और अपनों को छांव देते हैं।
अच्छी धूप से शिकायत नहीं,
परेशानी सिर्फ उससे है
जो छांव ही नहीं देती।
धूप बिना छांव नहीं है,
और छांव तो सबको चाहिए।

# NCC REPORT 2025-26


The NCC unit of PRNSS College organized a variety of activities during the academic year 2025-26, focusing on environmental protection, health awareness, social responsibility, patriotism, and community service.The year began with the observance of World Environment Day on 5 June 2025, during which cadets participated in campus cleaning, tree planting, and an awareness session on environmental protection. International Yoga Day was celebrated on 21 June with a group yoga session and an awareness talk highlighting the importance of yoga for physical and mental well-being.

On 26 June, International Day Against Drug Abuse was observed through an awareness class led by a Crime Branch officer, emphasizing the dangers of drug addiction and the need for a healthy lifestyle. Cadets also conducted a Sickle Cell Anemia Awareness campaign on 7 July by displaying informative placards. To commemorate Malala Day on 12 July, an online speech competition was organized to promote girls' education and women's empowerment. On the same day, under Puneet Sagar Abhiyan 2025-26, cadets observed Paper Bag Day by distributing handmade paper bags and spreading awareness about reducing plastic waste. Kargil Vijay Diwas was solemnly observed on 26 July with a candlelight tribute to honor the sacrifices of Indian soldiers. A Basic Life Support Training Programme was conducted on 30 July in association with Baby Memorial Hospital, equipping cadets with essential emergency response skills such as CPR and first aid. The NCC unit actively participated in the Independence Day celebrations on 15 August. Another notable event was the felicitation of ASI Rajeevan T. Vengad for his Asia Book of Records achievement in anti-drug awareness activities.



Lt. DR ANIL PV
NCC OFFICER


The year concluded with a One-Day Environmental Workshop on 11 March 2026, featuring expert talks, competitions, exhibitions, yoga sessions, and community-oriented activities. Overall, the programmes contributed significantly to the holistic development of NCC cadets.



UO ARUNDEV P.
III DC CHEMISTRY



UO ARYANANDA K.
III DC CHEMISTRY



# NSS REPORT
## 2025-26



The NSS Units of Pazhassi Raja NSS College, Mattanur actively carried out various social service, awareness, and community development programmes during the academic year 2025–26. The year began with campus cleaning activities and Environment Day celebrations through sapling planting initiatives. International Yoga Day was jointly celebrated by NSS, NCC, and IQAC to promote health and well-being among students and staff.

The Units organised several awareness programmes including Malala Day competitions, anti-ragging flashmob, blood donation camp, anti-drug debate competition titled "Samvadikam Lahariykkethire," and Bharanabhasha rally on Kerala Piravi Day. Volunteers also participated in leadership camps, workshops, and interactive sessions aimed at personality development and social awareness.

A major highlight of the year was the seven-day special camp conducted at Government High School, Chala, under the theme "Youth for Sustainable Development." Volunteers engaged in campus cleaning, vegetable garden preparation, and community service activities in collaboration with the Haritha Karma Sena and Shanti Deepam School for Specially Abled Children.

The NSS Units also organised social outreach programmes including a visit to Snehabhavan, stem cell donation awareness campaign in association with DKMS Foundation Bangalore, and self-defence training for girl students.

This academic year was especially memorable as Unit 28 received the



Kannur University Award for the Best NSS Unit and Ms. Jessica Sudhir M. received the Award for the Best Programme Officer for the year 2024–25. The award was presented at the Mangattuparamba Campus of Kannur University on 1 June 2026. Principal-in-Charge Dr. R.K. Biju received the award from the Hon'ble Chancellor of the University and Governor of Kerala, Sri. Rajendra Vishwanath Arlekar.

The achievements and activities of the NSS Units during the year reflected the spirit of service, leadership, social commitment, and community participation among the volunteers.




## PROGRAMME OFFICERS




Dr. SAJANEESH V.P.



Dr. JAYANTHI K.C.

## VOLUNTEER LEADERS




ABHISHEK K.B.
II DC History



DEVANANDHA
II DC Physics



DEVIKA V.K.
II DC Zoology



PARTHAN P.
II DC Plant Science

# കോളേജ് യൂണിയൻ റിപ്പോർട്ട് 2025-26

Azadi
PRNSS COLLEGE UNION 2025-26

2025 ഓഗസ്റ്റ് 28ന് നടന്ന കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിനു ശേഷം യൂണിയൻ ചുമതല ഏറ്റെടുത്തു.

- ചെയർമാൻ : നിധി ദിനേശ്
- വൈസ് ചെയർമാൻ : ഫാത്തിമത്തു ഷിഫ
- ജനറൽ സെക്രട്ടറി : ആദിത്യ എൻ. എൻ.
- ജോയിൻറ് സെക്രട്ടറി : ഷഹാന എം. കെ.
- യു യു സി : അനന്യ എം
- യു യു സി : ശ്രേയ കെ.
- ഫൈൻ ആർട്സ് സെക്രട്ടറി: നിഗാർ തബസ്സും
- മാഗസിൻ എഡിറ്റർ : റിഫ ഫാത്തിമ
- ജനറൽ ക്യാപ്റ്റൻ : മുഹമ്മദ് റസൽ

2025 സെപ്റ്റംബർ 10 ബുധനാഴ്ച റൂസ ഹാളിൽ യൂണിയൻ ഭാരവാഹികൾ ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിച്ച് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്തു. തുടർന്ന് പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ഡോ. പി. ശ്രീജിത്തിനെ യൂണിയൻ അഡ്വൈസറായും ഡോ. പി.വി സുമിത്തിനെ സ്റ്റാഫ് എഡിറ്റർ ആയും ഡോ. ലീന പി. ടി യെ ഫൈൻ ആർട്സ് അഡ്വൈസർ ആയും തിരഞ്ഞെടുത്തു. 202526 അധ്യായന വർഷത്തെക്കുള്ള കോളേജ് യൂണിയന്റെയും ഫൈൻ ആർട്സിന്റെ ഉദ്ഘാടനം 2025 സെപ്റ്റംബർ 26ന് ഭംഗിയായി സംഘടിപ്പിച്ചു ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അവർകൾ മുഖ്യാതിഥിയായി പങ്കെടുത്തു യൂണിയൻ ഉദ്ഘാടനം നിർവഹിച്ചു. ഫൈൻ ആർട്സ് ഉദ്ഘാടനം കലാകാരനായ പാട്ടഹോളിക് നിർവഹിച്ചു. ചടങ്ങിൽ പ്രതിപക്ഷ നേതാവ് വിദ്യാർത്ഥികൾക്ക് പ്രചോദനമാകുന്ന സന്ദേശങ്ങൾ നൽകുകയും ചെയ്തു. പാട്ടഹോളിക് അവതരിപ്പിച്ച പാട്ട് വിദ്യാർത്ഥികളെ ഏറെ ആകർഷിച്ചു. 2025 നവംബർ പത്തിന് കണ്ണൂർ വാരിയേഴ്സ് ഫുട്ബോൾ ടീമിന്റെയും കോളേജ് യൂണിയന്റെയും നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി പെനാൽറ്റി ഷൂട്ട് മത്സരവും ക്വിസ് മത്സരവും നടത്തി. ഈ പരിപാടി വിദ്യാർത്ഥികളെയും അധ്യാപകരെയും കൂടുതൽ ആവേശഭരിതരാക്കി. 2025 നവംബർ 25ന് കോളേജ് യൂണിയൻ കണ്ണൂർ യൂണിവേഴ്സിറ്റി ചാമ്പ്യൻമാരായ വോളിബോൾ, സ്വിമ്മിംഗ് ടീമുകളെ അനുമോദിച്ചു. 2025 നവംബർ 28ന് കോളേജ് ഗ്രൗണ്ടിൽ സ്പോർട്സ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു, മട്ടന്നൂർ എസ് ഐ ആയിട്ടുള്ള മുനീർ സി വി ഉദ്ഘാടനം ചെയ്തു.

2025 ഡിസംബർ 9 മുതൽ 12 വരെ കോളേജ് യൂണിയന്റെ നേതൃത്വത്തിൽ ഓഫ് സ്റ്റേജ് കലോത്സവം സംഘടിപ്പിച്ചു. മത്സരങ്ങളിൽ വിദ്യാർത്ഥികൾ ആവേശത്തോടെ പങ്കെടുത്തു. ഡിസംബർ 17ന് കോളേജ് യൂണിയന്റെയും ക്ലബ് എഫ്.എം ന്റെ നേതൃത്വത്തിൽ ടാലൻറ് ഫെസ്റ്റ് സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ സംഗീത കഴിവുകൾ പ്രദർശിപ്പിക്കുന്ന വേദിയായി അത് മാറി. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഡിസംബർ 23ന് സെലസ്റ്റിയ എന്ന ക്രിസ്മസ് പരിപാടി സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ ആവേശത്തോടെ പങ്കെടുത്തു. ജനുവരി 15,16 തീയതികളിൽ കോളേജ് യൂണിയൻ കലോത്സവം സംഘടിപ്പിച്ചു. വിവിധ കലാപരിപാടികളിൽ വിദ്യാർത്ഥികൾ പങ്കെടുത്തു കഴിവുകൾ തെളിയിച്ചു. കോളേജ് യൂണിയൻ അംഗങ്ങൾ എൻഎസ്എസ് ക്യാമ്പ് സന്ദർശിച്ചു കൂടാതെ മധുരം കൈമാറുകയും വിദ്യാർത്ഥികൾക്ക് ആശംസകൾ നേരുകയും ചെയ്തു. ജനുവരി 9ന് കോളേജ് യൂണിയനും ഫിലിം ക്ലബ്ബും ചേർന്ന് പ്രശസ്ത നടനും തിരക്കഥാകൃത്തുമായ ശ്രീനിവാസന്റെ അനുസ്മരണ സിനിമ പ്രദർശനവും നടത്തി. ഫെബ്രുവരി 23ന് സെമിനാറും ഗ്രൂപ്പ് ചർച്ചയും സംഘടിപ്പിച്ചു. ഡോ. ആർ എം അമൃതരാജ് മുഖ്യാതിഥിയായി പങ്കെടുത്തു. മാർച്ച് 2ന് എത്നിക് ഡേ ആഘോഷിച്ചു. റാംപ് വാക്ക്, സ്പോർട് ഡാൻസ് , മ്യൂസിക് ഷോ എന്നിവ നടത്തി, കൂടാതെ ഫിലിം ഫസ്റ്റ് നടത്തി. മാർച്ച് 4ന് ഹോളി നടത്തുകയുണ്ടായി. മാർച്ച് 13ന് വുമൺ സെല്ലിന്റെയും കോളേജ് യൂണി




യന്റെയും നേതൃത്വത്തിൽ മൈൻഡ് സെറ്റ് മാസ്റ്റേർസ് എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. മാർച്ച് 31 കോളേജ് ഡേ നടത്തി. വിദ്യാർത്ഥികൾ വിവിധ മത്സരങ്ങളിൽ സജീവമായി പങ്കെടുത്ത് മികച്ച വിജയങ്ങൾ നേടി. ഇത് കോളേജിന്റെ അഭിമാനം ഉയർത്താൻ സഹായിച്ചു. ചില പരിപാടികൾ നടത്തുന്നതിനിടെ ചെറിയ വെല്ലുവിളികൾ നേരിട്ടെങ്കിലും യൂണിയൻ അംഗങ്ങളുടെയും അധ്യാപകരുടെയും വിദ്യാർഥികളുടെയും സപ്പോർട്ട് അവയെ വിജയകരമായി മറികടക്കാൻ സഹായിച്ചു. ഈ വർഷത്തെ കോളേജ് യൂണിയൻ പ്രവർത്തനങ്ങൾ വിജയകരമായി നടത്തിയെന്ന് വിശ്വസിക്കുന്നു. എല്ലാവരുടെയും സഹകരണത്തിന് നന്ദി രേഖപ്പെടുത്തുന്നു. ■



# വാർഷിക റിപ്പോർട്ട് 2025-26

ഭാരത കേസരി ആരാധ്യനായ മന്നത്തുപദ്മനാഭന്റെ ദീർഘ വീക്ഷണത്തിന്റെ ഭാഗമായി കേരള വർമ പഴശ്ശി രാജാവിന്റെ നാമധേയത്തിൽ 1964 ൽ മട്ടന്നൂരിൽ സ്ഥാപിച്ച പഴശ്ശി രാജ എൻ.എസ്.എസ് കോളേജിന്റെ ഉന്നമനത്തിനായി പ്രാരംഭ കാലഘട്ടം മുതൽ അഹോരാത്രം പ്രവർത്തിച്ചവരേയും. പിന്തുണ നല്കിയവരേയും. ഇപ്പോഴും അഹോരാത്രം പ്രവർത്തിക്കുന്നവരെയും നന്ദിയോടെ സ്മരിച്ചു കൊണ്ട് 20252026 അദ്ധ്യയന വർഷത്തെ കോളേജിന്റെ പ്രവർത്തന റിപ്പോർട്ട് ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിക്കുകയാണ്.

വടക്കെ മലബാറിലെ ഉന്നത വിദ്യാഭ്യാസരംഗത്ത്തലഉയർത്തി നിൽക്കുന്ന ഈ കലാലയം ഉന്നതിയിലേക്ക് കുതിക്കുന്നതിന്റെ ഭാഗമായി നമ്മുടെ കോളേജ് നിരവധി നാഴിക കല്ലുകൾ താണ്ടുക ഉണ്ടായി. നിലവിൽ 10 ബിരുദ കോഴ്സുകളും, രണ്ട് ബിരുദാനന്തര ബിരുദ കോഴ്സുകളും. ഒരു ഗവേഷണ കേന്ദ്രവും പ്രവർത്തിച്ചുവരുന്നു. 1,119 വിദ്യാർത്ഥികളും, 61 അധ്യാപകരും. 16 അനധ്യാപകരും അടങ്ങുന്നതാണ് നമ്മുടെ ക്യാമ്പസ്.

ഈ അക്കാദമിക വർഷം അടിസ്ഥാന സൗകര്യ വികസനത്തിനു റൂസ ഫണ്ടിന്റെ ഭാഗമായി നമ്മുടെ കോളേജിന് ലഭിച്ച 2 കോടി രൂപയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് 26,41,408/രൂപയും. പർച്ചേസ് ഇനത്തിൽ ലഭിച്ച 30ലക്ഷം രൂപയിൽ 27ലക്ഷം രൂപയോളം വിനിയോഗിച്ച് 18KWhന്റെ ഓൺഗ്രിഡ്സോളാർ പവർ പ്ലാന്റും. സയൻസ് ബ്ലോക്കിലേക്ക് വിവിധഉപകരണങ്ങളും. ക്ലാസ് മുറികളിലേക്ക് ടിവി, പ്രോജക്റ്റർ, മൂന്നു സെമിനാർ ഹാളുകളിലേക്കും ആവശ്യത്തിനുള്ള സൗണ്ട് സിസ്റ്റം, ചരിത്ര വിഭാഗത്തിലെ പഴശ്ശി മ്യൂസിയത്തിന്റെ നവീകരണ പ്രവർത്തികൾ എന്നിവയും, കൂടാതെ കഴിഞ്ഞ അക്കാദമിക വർഷം സഞ്ചിത നിക്ഷേപ തുകയിൽ നിന്നും 5,13,595/ രൂപ ചിലവഴിച്ച് തയ്യാറാക്കിയ കമ്പ്യൂട്ടർ ലാബിലേക്ക് 15 കംപ്യൂട്ടറുകളും വാങ്ങുവാൻ സാധിച്ചു. കൃത്യമായ ടൈംലൈനിൽ റൂസ ഫണ്ട് വിയോഗിക്കുവാൻ സാധിച്ചതിൽ കോഓർഡിനേറ്റർ ഡോ. ശ്രീജിത്ത് പി. കൈക്കൊണ്ട താല്പര്യത്തെ പ്രത്യേകം അഭിനന്ദിക്കുന്നു.

2024-25അക്കാദമികവർഷത്തെ സർവകലാശാല വിജയം ആശ്വസിക്കത്തക്കതല്ല. ബിരുദ വിഷയങ്ങളിൽ ആർട്സ് വിഷയത്തിൽ 57.52% വും, സയൻസ് വിഷയങ്ങളിൽ 48.95%വും, കൊമേഴ്സിൽ 83,33ബ്ബ ം വും, പി.ജി. വിഷയങ്ങളിൽ 68.96% വുമാണ് വിജയം.

2025-26 അക്കാദമിക വർഷത്തെ റഗുലർ ക്ലാസുകൾ 2.06.2025നാണ് ആരംഭിച്ചത്. നാലുവർഷ കോഴ്സുകളുടെ രണ്ടാമത്തെ വർഷമായതുകൊണ്ട് തന്നെ ജൂൺ ആദ്യ വാരത്തിൽ മൂന്നാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് FYUGP മോണിറ്ററിങ് കമ്മറ്റിയുടെ നേതൃത്വത്തിൽ കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനെ കുറിച്ചുള്ള ഓറിയന്റഷൻ പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. 1.7.2025ന് കോളേജ് തലത്തിൽ പ്രവേശനോത്സവത്തോടെ ഒന്നാംവർഷ ബിരുദ പ്രോഗ്രാമുകൾക്കുള്ള ക്ലാസുകൾ സർവകലാശാല നിർദ്ദേശാനുസരണം ആരംഭിക്കുക ഉണ്ടായി. പുതിയ രീതിയിലുള്ളതെങ്കിലും എല്ലാവരുടെയും കൂട്ടായ ശ്രമത്തിന്റെ ഭാഗമായി കോളേജിനകത്തു വച്ചു സർവകലാശാല നിഷ്കർക്കുന്ന രീതിയിൽ ഒന്ന്, മൂന്ന് സെമസ്റ്ററുകളുടെ മൂല്യനിർണയമടക്കം നടത്തുവാനും സാധിച്ചു. ഇതിനു പിന്നിൽ പ്രവർത്തിച്ച മുഴുവൻ പേരേയും അഭിനന്ദിക്കുന്നു.

കോളേജിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും, അക്കാദമിക പരിപാടികൾ സംഘടിപ്പിക്കുന്നതിലും. മികച്ച പിന്തുണയാണ് ശ്രീ ഒ. കെ. ദിനേശ്കുമാർ വൈസ് പ്രസിഡണ്ടായിട്ടുള്ള പി.ടി.എ കമ്മറ്റി നല്കി കൊണ്ടിരിക്കുന്നത്.

ഡോ. സുധീഷ് വി.ഡി.യുടെ നേതൃത്വത്തിൽ IQACയുടെ പ്രവർത്തനങ്ങൾ മികച്ച രീ



തിയിൽ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നു. ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കായി 08.10.2025 മുതൽ 10.10.2025 വരെ 3 ദിവസത്തെ ഓറിയന്റെഷൻ പ്രോഗ്രാം, ASAPമായി സഹകരിച്ചു കൊണ്ട് 3 ദിവസത്തെ തൊഴിൽ നൈപുണി പരിശീലനം. 09.03.2026 മുതൽ 11.03.2026 2 വിദ്യാർത്ഥികൾക്ക് Data visualization using Power B 1 എന്ന വിഷയത്തിലുള്ള പരിശീനം തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

18 വിദ്യാർത്ഥികൾ നാഷണൽ സ്കോളർഷിപ്പിന് അർഹരായിട്ടുണ്ട്. കൂടാതെ രണ്ട് പേർക്ക് ഇൻസ്പെയർ സ്കോളർഷിപ്പും ലഭിച്ചു വരുന്നു.

മൂന്നു വിദ്യാർത്ഥികൾക്ക് മുഖ്യമന്ത്രിയുടെ സിഎം പ്രതിഭ സ്കോളർഷിപ്പും ലഭിച്ചിട്ടുണ്ട്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കൈപിടിച്ച് ഉയർത്തുക എന്ന ഉദ്ദേശത്തോടു കൂടി കോളേജിലെ ജീവനക്കാർ ഏർപ്പെടുത്തിയ സ്റ്റുഡന്റ് സപ്പോർട്ട് സിസ്റ്റം വഴി തനത് വർഷം 10 വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള പഠന സമഗ്രഹികൾ നൽകുകയും, 37,077/ രൂപ വിദ്യാർത്ഥികളുടെ മറ്റു ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി വിനിയോഗിക്കുയും ചെയ്യു.

കലാ കായിക മേഖലകളിലും നമ്മുടെ വിദ്യാർത്ഥികൾ മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. സർവകലാശാല കലോത്സവത്തിൽ കോളേജിന് 13ാംസ്ഥാനവും, നൃത്തോത്സവത്തിൽ 4ാംസ്ഥാനവും നേടുവാൻ സാധിച്ചു. വിശദ വിവരങ്ങൾ കോളേജ് യൂണിയൻ പ്രവർത്തന റിപ്പോർട്ടിൽ പരാമർശിക്കും. കോളേജിനെ പ്രതിനിധീകരിച്ച് കലോത്സവത്തിൽ പങ്കെടുത്തവർക്കും, വിജയം കൈവരിച്ചവർക്കും. പിന്നിൽ പ്രവർത്തിച്ചവർക്കും പ്രത്യേകിച്ച് വിദ്യാർത്ഥികളായ യദുകൃഷ്ണൻ ടി.കെ. രമ്യ എ. എന്നിവർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

കായിക മേഖലയിൽ ഈ വർഷം കോളേജ് സർവകലാശാല തലത്തിൽ 6 ചാമ്പ്യൻ ഷിപ്പുകൾ നേടുക ഉണ്ടായി. സർവകലാശാല തലത്തിൽ ആൺ കുട്ടികളുടെ വോളിബോൾ, സോഫ്റ്റ്ബോൾ. പെൺകുട്ടികളുടെ നിന്തൽ എന്നിവയിൽ ചാമ്പ്യൻമാരാവുകയും, പെൺകുട്ടികളുടെ സോഫ്റ്റ്ബോൾ. കളരിപ്പയറ്റ്, ആൺ കുട്ടികളുടെ കളരിപ്പയറ്റ് എന്നീ വിഭാഗങ്ങളിൽ മൂന്നാം സ്ഥാനം നേടുകയുമുണ്ടായി. വോളിബോളിലെയും. സോഫ്റ്റ് ബോളിന്റെയും ടീം അംഗങ്ങളിൽ 90% ൽ അധികം പേരും സർവകലാശാല ടീമിൽ ഇടം നേടുക ഉണ്ടായി. അതുപോലെ തന്നെ 19 വിദ്യാർത്ഥികൾ ഓൾ ഇന്ത്യ സൗത്ത്സോൺ ചാമ്പ്യൻഷിപ്പിൽ കണ്ണൂർ സർവകലാശാലയെ പ്രതിനിധീകരിച്ച് പ കെടുത്തു.

കെമിസ്ട്രി വിഭാഗം അസോസിയേറ്റ് ഫ്രൊഫസർ ഡോ. റീന യുടെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് സെല്ലിന്റെ ഭാഗമായി 03.07.2025ന് ഫൈനൽ ഇയർ വിദ്യാർത്ഥികൾക്കായി kerala knowledge economy മിഷനുമായി സഹകരിച്ചുകൊണ്ട് campus placement an insight എന്ന വിഷയത്തിൽ പരിപാടി സംഘടിപ്പിച്ചു. 340 വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു. സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് കരിയർ ഗൈഡൻസ് സെല്ലുമായി സഹകരിച്ചു കൊണ്ട് 20.08.2025 നു സംഘടിപ്പിച്ച കരിയർ ജ്വാല പരിപാടിയിൽ കണ്ണൂർ സിറ്റി പോലീസ് കമ്മിഷണർ ശ്രീ. നിതിൻ രാജ് IPS സംസാരിച്ചു. കൂടാതെ മെഡിക്കൽ കോഡിങ് ആൻഡ്

ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, ഇന്ത്യയിലും, വിദേശത്തും ഉള്ള തൊഴിൽ സാധ്യതകളെ കുറിച്ചു സെമിനാറുകളും. അധ്യാപകർക്ക് ഒരു ഓറിയന്റ്ഷൻ പ്രോഗ്രാമും സംഘടിപ്പിച്ചു.

Self ഇഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രോഫസർ ഡോ. ശോഭ എസ് നായരുടെ നേതൃത്വത്തിൽ കോളേജ് വുമൺ സെൽ അസാപ്പുമായി സഹകരിച്ചു കൊണ്ട് പെൺകുട്ടികൾക്കുവേണ്ടി രണ്ടു ദിവസത്തെ ഡിഫെൻസ് ട്രെയിനിങ് പ്രൊഗ്രാം സംഘടിപ്പിച്ചു. കൂടാതെ കോളേജ് യൂണിയനുമായി സഹകരിച്ചു കൊണ്ട് Mindset matters: Better health through better thoughts എന്ന വിഷയത്തിൽ സെമിനാറും സംഘടിപ്പിച്ചു.

കോളേജ് ആന്റി റാഗിങ് കമ്മറ്റി, ലഹരി വിരുദ്ധ കമ്മറ്റി എന്നിവയുടെ നേതൃത്വത്തിൽ മട്ടന്നൂർ പോലീസ് സ്റ്റേഷനുമായി സഹകരിച്ചു കൊണ്ട് വിവിധ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. കൂടാതെ 16.10.2025നു ചുരുങ്ങിയ സമയത്തിനുള്ളിൽ 1000ൽ അധികം ലഹരി ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു കൊണ്ട് 2025ലെ ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടിയ അസിസ്റ്റന്റ് സബ്ഇൻസ്പെക്ടർ ശ്രീ. രാജീവൻ ടി. ക്കുള്ള അവാർഡ്ദാന ചടങ്ങും, ലഹരി ബോധവത്കരണവുമായി ബന്ധപ്പെട്ട് മാജിക് ഷോയും സംഘടിപ്പിച്ചു.

മികച്ച പ്രവർത്തനമാണ് NSS ഈ വർഷം കാഴ്ചവച്ചത്. അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങളിൽ വിവിധ തരത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ കണ്ണൂർ സർവകലാശാല ഭരണ ഭാഷ വാരാചരണവുമായി സംഘടിപ്പിച്ച റാലിയിൽ കോളേജ് NSS ടീം രണ്ടാം സ്ഥാനം കരസ്ഥമാക്കി. അതുപോലെ തന്നെ എൻ.സി.സി യൂണിറ്റും മികച്ച പ്രവർത്തനമാണ് ഈ വർഷം കാഴ്ച വെച്ചത്.

ഇംഗ്ലീഷ് വകുപ്പ് ബിരുദ വിദ്യാർത്ഥികൾക്കായി ജനുവരി 20, 21 തീയതികളിൽ രണ്ട് ദിവസം നീണ്ടു നില്ക്കുന്ന നാഷണൽ കോളോക്കിയവും ഫെബ്രുവരി 18 മുതൽ 20 വരെ ഫിലിം ഫെസ്റ്റും സംഘടിപ്പിച്ചു. കൂടാതെ വകുപ്പ് തലത്തിൽ വിവിധ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. 202526 അക്കാദമിക വർഷം കണ്ണൂർ സർവകലാശാല ഏർപ്പെടുത്തിയ NSS പ്രോഗ്രാം ഓഫീസർമാർക്കുള്ള സ്പെഷ്യൽ അപ്രീസിയേഷൻ അവാർഡ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക ഡോ. ജസിക്ക സുധീറിന് ലഭിച്ചു. ഹിന്ദി വിഭാഗം രാമായണ മാസ ആചരണം, പ്രേംചന്ദ്ജയന്തി, വായന ദിനാചരണം തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിച്ചു.

മലയാള വിഭാഗം ചരിത്ര വിഭാഗവുമായി സഹകരിച്ചു കൊണ്ട് കേരള പിറവിദിനം ആഘോഷിച്ചു. കൂടാതെ ഹിന്ദി വിഭാഗവുമായി സഹകരിച്ചു സ്വച്ഛതാഹി സേവാ എന്ന പരിപാടിയുടെ ഭാഗമായി ക്വിസ് മത്സരം സംഘടിപ്പിച്ചു.

എക്കണോമിക്സ് വിഭാഗം തൊക്കിലങ്ങാടിയിലുള്ള വയോജനകേന്ദ്രം സന്ദർശിക്കുകയുണ്ടായി. കൂടാതെ Research Methodology എന്ന വിഷയത്തിലുള്ള സെമിനാറും, കൈയെഴുത്തുമാസികയുടെ പ്രകാശനവും നടത്തി.

ചരിത്ര വിഭാഗം പഴശ്ശി അനുസ്മരണ ദിനാചരണത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ കോളേജ് വിദ്യാർത്ഥികൾക്കായി ഉപന്യാസമത്സരം സംഘടിപ്പിച്ചു.. കേരള പിറവി ദിനാഘോഷം. A special lecture on local History writing. Research Methodology എന്ന വിഷയത്തിലുള്ള സെമിനാറും. സ്വാതന്ത്രദിന ആഘോഷവും സംഘടിപ്പിച്ചു.

കൊമേഴ്സ് വിഭാഗം നാലോളം വിഷയങ്ങളിൽ ക്ലാസുകളും, merit fest എന്നിവ സംഘടിപ്പിച്ചു.

ഫിസിക്സ് വിഭാഗം കേരള അക്കാദമി ഓഫ് സയൻസുമായി സഹകരിച്ചു കൊണ്ട് ശാസ്ത്ര ദിന ആഘോഷത്തിന്റെ ഭാഗമായി A step towards building intelligent system എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. കണ്ണൂർ റോട്ടറിയുമായി സഹകരിച്ചു കൊണ്ട് മനുഷ്യസദൃശ റോബോട്ടുകൾ എന്ന വിഷയത്തിലുള്ള സെമിനാറിൽ പ്രൊഫ. ഡോ. അച്യുത്ശങ്കർ എസ്. നായർ സംസാരിച്ചു. കൂടാതെ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള അനുമോദനവും Eyes in the sky Satalite remote sensing എന്ന വിഷയത്തിൽ സെമിനാറും സംഘടിപ്പിച്ചു. കൂടാതെ വിദ്യാർത്ഥികളായ അബിജിത്ത് പി എസ്. സംപ്രീത് കോമത്ത് എന്നിവർ സർവകലാശാല തലത്തിൽ ഇരിട്ടി എം.ജി കോളേജിൽ വച്ചു നടന്ന വിവിധ മത്സരങ്ങ

ളിൽ മെഡൽ നേടി.

കെമിസ്ട്രി വകുപ്പ് Discover the element Exploring the career path for chemistry, Femtochemistry, introduction to forensic science തുടങ്ങിയ വിഷയങ്ങളിൽ സെമിനാറും. കെമിസ്ട്രി വകുപ്പ് sustainable development through Nanotechnology, dianmusic തുടങ്ങിയ വിഷയങ്ങളിൽ സെമിനാറും. ബാത്ത്സോപ്പ് നിർമാണത്തിൽ പരിശീലന പരിപാടിയും സംഘടിപ്പിച്ചു.

ബോട്ടണി വകുപ്പും, ഭൂമിത്ര സേന ക്ലബുമായി സഹകരിച്ചു കൊണ്ട് വിവിധവിഷയങ്ങളിൽ 6 സെമിനാറുകളും. 3 ഫീൽഡ് വിസിറ്റും സംഘടിപ്പിച്ചു.

സുവോളജി വിഭാഗം ലോക പരിസ്ഥിതി ദിനാഘോഷം തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു.

മാത്തമാറ്റിക്സ് വിഭാഗം ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള അനുമോദനവും, ക്ലാസും സംഘടിപ്പിച്ചു

ഈ അക്കാദമിക വർഷം കെമിസ്ട്രി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. പ്രസന്ന എം.കെ.. ഹെഡ് എക്കൗണ്ടന്റും. സൂപ്രണ്ട് ഇൻചാർജുമായ ശ്രീമതി. ജ്യോതി എം. കെ., എന്നിവർ സർവ്വീസിൽ നിന്നും വിരമിക്കുകയാണ്. പരിചയ സമ്പന്നത കൂടുന്നതോടെ ശേഖരിച്ചുവച്ച അറിവുകൾ സ്വന്തം അനുഭവം കൂടി ഉൾക്കൊള്ളിച്ചു കൊണ്ട് പ്രയോഗിക്കുവാൻ സാധിക്കും എന്നതിൽ സംശയമില്ല. പ്രായത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന നിങ്ങളുടെ കഴിവുകൾ ഇനിയും ഈ സമൂഹത്തിന് വേണ്ടി പ്രയോജനപ്പെടുത്തുവാൻ സാധിക്കട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു. അതുപോലെ തന്നെ പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന മൂന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കും, രണ്ടാം വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും ജീവിത വിജയമുണ്ടാകട്ടെ എന്നും ആത്മാർത്ഥമായി ആശംസിക്കുന്നു.

ഈ അദ്ധ്യയന വർഷം കോളേജിന്റെ നടത്തിപ്പിൽ ഉണ്ടായിട്ടുള്ള ഉയർച്ചയ്ക്കും. താഴ്ചയ്ക്കും ഒപ്പം പരിഭവമില്ലാതെ കൂട്ടു നിന്ന എല്ലാ സഹപ്രവർത്തകർക്കും. വിദ്യാർത്ഥികൾക്കും നന്ദി.....

പ്രിൻസിപ്പൽ ഇൻ ചാർജ്ജ്






"ഏറെ കാത്തിരിപ്പുകൾക്ക് ശേഷമാണ്
ഈ മാഗസിൻ നിങ്ങളിലേക്ക് എത്തുന്നത്.
ഏറെ പോരാട്ടങ്ങൾക്ക് ശേഷം നമ്മൾ
തിരിച്ചു പിടിച്ച യൂണിയന്റെ അടയാളമാണിത്.
ഒരു എഡിറ്റർ എന്ന നിലയിൽ, ഈ മാഗസിന്റെ
ഓരോ പേജിലും എന്റെ രാത്രികളും,
എന്റെ ടീമിന്റെ അധ്വാനവുമുണ്ട്.
ഈ യാത്രയിൽ കൈവിടാത്ത എന്റെ
പ്രിയപ്പെട്ട എഡിറ്റോറിയൽ ടീമിന്,
തെറ്റുകൾ ചൂണ്ടിക്കാട്ടി തിരുത്തിതന്ന
പ്രിയപ്പെട്ട സുമിത്ത് സാറിന്,
നടക്കും പേടിക്കേണ്ട എന്ന് തോളിൽ
കയ്യിട്ട് പറഞ്ഞ എന്റെ പ്രിയപ്പെട്ടവർക്ക്,
വിശ്വസിച്ച് അവസരം തന്ന യൂണിയനും
കോളേജിനും ഏറ്റവും ഒടുവിൽ...
ഇത് വായിച്ച് ഞങ്ങൾക്ക് ജീവൻ നൽകുന്ന
നിങ്ങൾക്ക്,ഹൃദയം നിറഞ്ഞ

**നന്ദി.**


PAZHASSIRAJA NSS COLLEGE
UNION 2025-26
@PRNSS_UNION_OFFICIAL


GOLD LOAN
SEND MONEY ABROAD
AHALIA
FINFOREX
വിദേശത്തേയ്ക്ക് പണമയക്കാം
BUY/SELL FOREIGN CURRENCY
BANK BEATING RETURNS ON INVESTMENTS
TRAVEL CURRENCY CARD
BRANCHES ACROSS KERALA
www.ahaliafinforex.com
80 86 94 00 00
AHALIA FINFOREX LTD
GOLD LOAN | FOREIGN EXCHANGE | WEALTH | TRAVELS